Mr. K. Achyuta Menon: It is an impossible proposition to get the people to agree. That is my view.

Mr. C. R. Iyyunni: There must be a statute to compel the owners to keep the lands fallow by rotation: otherwise such an agreement cannot possibly come to between the owners themselves.

Mr. K. Achyuta Menon: He does not only pay a tax. He wants the yield also. You cannot compel a man to forego the yield by rotation.

Mr. K. Ayyappan: ഓരോ കൃഷികന്മാർക്കും അവരുടെ വക സ്ഥലങ്ങളിൽ പകുതി കൃഷി ചെയ്യുവാനും പകുതി തരിശിട്ടുവാനും സമ്മതിച്ചാൽ തരിശാക്കിയിടുന്ന സ്ഥലത്തിനുള്ള നികുതി ഒഴിവാക്കിക്കിട്ടണമെന്നാണ് പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Achyuta Menon: It is an impossible thing. In the very nature of Kole Cultivation they must either cultivate wholly or act as a reservoir wholly.

Mr. K. S. Panicker: ഗവർമ്മെണ്ടിന്റെ പ്രത്യേകമായ ശ്രദ്ധ ഇതിൽ പതിഞ്ഞാൽ മതി. നിർഭാഗ്യം ഒഴിവാക്കുവാൻ സാധിക്കുകയില്ലെന്നും ടിവാൻപോഷ്ണരവർകൾ കണിശമായി പറഞ്ഞുകഴിഞ്ഞു. അതുകൊണ്ടു ഇനി ഇതിനെ സംബന്ധിച്ചു് ഒന്നും പറഞ്ഞിട്ടു കാര്യമില്ല. ഞാൻ ഇതിനെ പിൻവലിക്കുന്നു.

The motion was, by leave, withdrawn.

CUT MOTION NO. 5.

Mr. A. V. Moothedan: *To reduce the allotment of Rs. 26,576 for Chief Engineer's Office Establishment by Re 1. (To request the Government to complete the construction of the Kizhakke Chalakkudi Pariyaram Road, so that the termination of this road may be somewhere near St. George's School, Pariyaram.)* Sir, for the last one decade petitions after petitions are being sent requesting for the construction of this road and about 6 years ago half the road was completed. And after that neither the Panchayat Department nor the Public Works Department did care to complete the road. In that state it remained now for more than 3 years. Now the Public Works Department have taken charge of the road and they are maintaining it. The maximum benefit of the road will be attained if it is extended half-a-mile more. When it is completed it will be very useful to the people of Chalakkudi and Pariyaram. Pariyaram is the centre of Agriculture and agricultural produce has to be sold at the Chalakkudi market. About 50,000 jack fruits are every year exported from Pariyaram to Chalakkudi. From Pariyaram they take an 8 miles route to reach Chalakkudi. If this road is completed the distance will be reduced to 2 miles. This road should be completed for giving additional facility for marketing purposes. It won't cost you more than Rs. 500.

Mr. V. K. Aravindaksha Menon: Sir, the question of extending the road up to St. Georges School was first taken to my notice by the hon'ble member himself in the year 1936 when that portion of the road was under the Panchayat maintenance. We thought that the work will be done. It is a very small piece of road about half-a-mile long and the work would be done by the Panchayat Department. I shall see what could be done during the next maintenance season.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. V. Moothedan: With the assurance given by the hon'ble member for Public Works, I beg leave of the House to withdraw the motion.

The motion was, by leave, withdrawn.

CUT MOTION NO. 6.

***Mr. K. M. Ibrahim:** *To reduce the allotment of Rs. 26,576 for Office establishment, Civil Engineering by Re. 1.*

(*To discuss the urgent necessity of deepening the Edavilanga portion of the Blangachal Thodu*).

സർ, എന്റെ നിയോജകമണ്ഡലംഏതാണ്ട് ഫെയറിടെയിൽസിലെ സിൻറർല്ലയെപ്പോലെ യാതൊരു നിലയിലും സ്റ്റോറിന്റെ വേണ്ടത്ര സംരക്ഷണം കൂടാതെ വിഷമിച്ചുകൊണ്ടിരിക്കുന്ന ഒന്നാണെന്നു് ഞാൻ കഴിഞ്ഞ ആറേഴു കൊല്ലക്കാലത്തിനിടക്കു് പല തവണകളിലായി ഈ സഭയിലെ ബഹുമാനപ്പെട്ട സാമാജികന്മാരെ ഉണർത്തിച്ചുകൊണ്ടിരുന്നിരുന്നു. ഈ നിയമസഭയിൽ തന്നെ രണ്ടോ മൂന്നോ തവണ ഈ തോടിന്റെ അത്യാവശ്യകതയെക്കുറിച്ചു ഞാൻ പ്രതിപാദിക്കുകയും, ചില അവസരങ്ങളിൽ സഹതാപപൂർവ്വം അതിനെക്കുറിച്ചു ചിന്തിക്കാമെന്നു് ബഹുമാനപ്പെട്ട മരാമത്തു മെമ്പർ വാഗ്ദാനം ചെയ്കയും ചെയ്തതായി ഓർമ്മിക്കുന്നു. ഈ തോടു് ബഹുമാനപ്പെട്ട സാമാജികന്മാർക്കും പ്രത്യേകിച്ചു് മരാമത്തു മെമ്പർ അവർകൾക്കും ധാരാളം മനസ്സിലായിട്ടുള്ള ഒന്നായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതു് എടവിലങ്ങയിൽ നിന്നു" ആരംഭിക്കുന്ന ഭാഗം വരെ ഇപ്പോൾ ശരിയായ ഗതാഗതത്തിനു സൌകര്യമുള്ള നിലയിലാണിരിക്കുന്നതു". അവിടെ നിന്നു വടക്കുള്ളതിക്കു പോകുന്ന ദീർഘമായ ഒരു തോടാണിതു്. എന്റെ നിയോജകമണ്ഡലം സ്റ്റോറിന്റെ മറുഭാഗങ്ങൾ ഉൾക്കൊണ്ടുള്ള ബ്രിട്ടീഷു് അതൃത്തിയുമായി തൊട്ടുകിടക്കുന്ന സ്ഥലമാണു്. ഇപ്പോൾ അവിടെയുള്ള ഈ തോട്ടിൽ രണ്ടോ മൂന്നോ നാഴികദൂരംമാത്രമാണു് താഴ്ത്തിയിരിക്കുന്നതു്. ഈ തോടിന്റെ മുഴുവൻ ഭാഗവും താഴ്ത്തിട്ടില്ല. അഴീക്കോടു്, എറിയാടു് എന്നീ സ്ഥലങ്ങളിലാണു് താഴ്ത്തി ഗതാഗതത്തിനു സൌകര്യമാക്കിയിരിക്കുന്നതു്. ആ ഭാഗങ്ങൾ മാത്രം താഴ്ത്തിയതുകൊണ്ടു് ഗതാഗതത്തിനുള്ള മുഴുവൻ സൌകര്യവും കിട്ടുന്നില്ല. ഈ തോടു കൊണ്ടു ഗതാഗത സൌകര്യം മുഴുവനായി ലഭിക്കണമെങ്കിൽ ഇതു് സ്റ്റോറിന്റെ അങ്ങേ അതൃത്തി വരെ നീട്ടിക്കൊണ്ടുപോകാതെ തരമില്ല. ഈ കാര്യം ഏതാണ്ടു് ചെയ്തുവെന്നുള്ള പേരുമാത്രം ഗവൺമെൻറു് വരുത്തിവെച്ചിട്ടുണ്ടു്. എന്നാൽ അതുകൊണ്ടു് ആവശ്യമായ പ്രയോജനം ജനങ്ങൾക്കു് സിദ്ധിക്കുന്നില്ല. സർക്കാർ പണം അനാവശ്യമായ നിലയിൽ വ്യയം ചെയ്തുവെന്നു വരുത്തുക നിലയിലാണു് ഇതു് ഇപ്പോൾ ഇരിക്കുന്നതു്. ഈ തോടിനു വേണ്ടി ഗവൺമെൻറു് അനേകായിരം രൂപാ ചിലവാക്കിയിരിക്കുന്നു. അതിന്റെ കാര്യമായ പ്രയോജനം ജനങ്ങൾക്കുണ്ടാകണമെങ്കിൽ നമ്മുടെ സ്റ്റോറിന്റെ അതൃത്തി വരെയെങ്കിലും കൊണ്ടുപോയി അവസാനിപ്പിക്കേണ്ടതാണു്. അങ്ങിനെ ചെയ്താൽ പിന്നീടു ബ്രിട്ടീഷു് അതൃത്തിയിലുള്ളവർ അവിടെ നിന്നും നീട്ടിക്കൊണ്ടുപോകുന്ന കാര്യത്തിൽ നമ്മെ സഹായിച്ചുകൊള്ളും. എന്നാൽ ബ്രിട്ടീഷു് ഭാഗങ്ങളിലുള്ളതു തന്നെയും ഇപ്പോൾ താഴ്ത്തിയിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ പെട്ട ഇതിന്റെ ഏതാനും ഭാഗം നികന്നുകിടക്കയും ചെയ്യുന്നു.

---

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon: എത്ര നാഴിക ദൂരമുണ്ടാകും?

Mr. K. M. Ibrahim: കൂടിയാൽ ഒന്നിൽചിലപ്പോൾ നാഴികയുണ്ടാകും. ഇത്രയും ദൂരം താഴ്ത്തുന്നതിനു് ഒരു വലിയ സംഖ്യയൊന്നും ചിലവിടേണ്ടിവരുകയില്ല. കൊല്ലത്തോടും മൂന്നുലക്ഷത്തിൽചിലപ്പോൾ ക്രമാനുഗതമായ മൂലധനമുണ്ടാകുന്ന ഒരു സാമ്പത്തികസ്ഥിതി നമ്മുടെ സ്റ്റേറിനു് വന്നിരിക്കെ അതിൽനിന്നും കുറച്ചെടുത്തു് ഈ കായ്യം നടത്തുവാൻ പ്രയാസമില്ലാത്തതാണു്. ഒരു പുതിയ തോടോ—ഒരു പുതിയ റോഡോ—വേണമെന്നാവശ്യപ്പെടുന്നില്ല. ഇതുവരെ ഗവൺമെൻറിൽനിന്നും ഒരു കായ്യമായ സംഖ്യ ചിലവുചെയ്തുകഴിഞ്ഞിരിക്കുന്ന ഈ തോട്കൊണ്ടു് ഉദ്ദേശിക്കുന്ന ഗുണം നാട്ടുകാർക്കുണ്ടാകണമെന്നു് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ നല്ല കായ്യം കൂടി ഗവൺമെൻറ പൂർത്തീകരിക്കണമെന്നാണു് ഞാൻ പറയുന്നതു്. ഒരു പുതിയ തോടോ ഒരു പുതിയ റോഡോ മറ്റൊ ആവശ്യപ്പെടുകയാണെങ്കിൽ സാമ്പത്തികാധഃപതനമാണു്, അതുകൊണ്ടു് സാധ്യമല്ല എന്നു് പരുപടി പറയുവാനുണ്ടാകും. നേരെമറിച്ചു് നിങ്ങൾ തുടങ്ങിവെച്ച ഈ കായ്യം ഉദ്ദേശിച്ച സ്ഥലത്തു് കൊണ്ടുപോയി അവസാനിപ്പിക്കണമെന്നാണു് പറയുന്നതു്. സാമ്പത്തികമായ വൈഭവ്യം സിദ്ധിച്ചിട്ടുള്ള ഒരു ദിവാൻജിയവർകളുടെ കീഴിലുള്ള സാമ്പത്തികസ്ഥിതി എപ്പോഴും നന്നായിരിക്കും. അപ്രകാരമുള്ള ഒരു സ്ഥിരമായ നീക്കിയിരുപ്പു് ഈ സ്റ്റേറിനുണ്ടെന്നു് കണ്ടുകഴിഞ്ഞിരിക്കുന്നു. അതിൽനിന്നും "നക്കാപിച്ച"വരുന്ന ഒരു ചെറിയ സംഖ്യ ഇതുവകക്കു ചിലവാക്കുവാൻ ഗവൺമെൻറ് വൈകല്യം ഭാവിക്കരുതെന്നും, ഇതു് പലപ്രാവശ്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളപ്പോഴെല്ലാം ആലോചിക്കാമെന്നു് അനുകൂലമായ വാഗ്ദാനം തന്നിട്ടുള്ളതുകൊണ്ടു് ഈ ഉപക്ഷേപം സ്വീകരിക്കണമെന്നും, ഗവൺമെൻറിൻെറ അനുഭാവവും സഹതാപവും കാണിക്കണമെന്നും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

The House rose for lunch at 1 p. m. and reassembled at 2-30 p. m. with the Deputy President in the Chair.

Mr. V. K. Aravindaksha Menon: Sir, a few years ago we completed the improvement of the Arapputhodu in the Cranganur Taluk. As the hon'ble member for Cranganur has stated, there is yet a small length of about half-a-mile to be improved before the canal will become navigable entirely. The Government are aware of this fact and they will see if it is possible to allot funds for this work as early as possible.

Mr. K. M. Ibrahim: Sir, I was very much pleased and I am very much grateful to the hon'ble member for Public Works for having given a sympathetic answer in this matter. But my humble representation to him, Sir, in this matter, is that he may be pleased to find funds for the work from any balance in 1114 budget and utilise that balance for this urgent work. If it is not possible to find funds for the whole work the work may be done in stages and I request a portion of the work may be taken in 11 4 itself.

Mr. V. K. Aravindaksha Menon: We will consider.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. M. Ibrahim: On the kind assurance of the hon'ble member for Public Works, I do not press the motion.

The motion was, by leave, withdrawn.

CUT MOTION NO. 7.

***Mr. K. S. Panicker:** *To reduce the allotment of Rs. 26,576 for—A-Civil Engineering Establishment by Re. 1- (To impress the Government the necessity of constructing a bridge connecting Chengalore and Muppliyam roads).* മിസ്റ്റർ പ്രസിഡെണ്ട്, സർ, പുതുക്കാട്ടനിന്നു ചെങ്ങാലൂരിൽ കൂടി ഒരു റോഡ് മുപ്പിയം വില്ലേജിന്റെ അതുത്തിവരെ ചെന്നു നില്ക്കുന്നു. പുഴ അക്കരെ കടന്നാൽ പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ട്മെണ്ടിൽനിന്നു വേറെ ഒരു റോഡുണ്ടാക്കുന്നു. മുപ്പിയത്തുള്ളവക്കു പുറത്തേക്കു കടക്കാൻ വേറെ മാർഗ്ഗമില്ലെന്നു പറയുമ്പോൾ ഇവിടെ ഒരു പാലം വേണമെന്നു പറയുന്നതു് എത്രമാത്രം ആവശ്യമായിട്ടുള്ളതാണെന്നു് മനസ്സിലാക്കാം. ഈ സംഗതി ഗവമ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരികമാത്രമാണു് ഞാൻ ചെയ്യുന്നതു്. ഇതിനെ സംബന്ധിച്ചു ആ പൊതുനിയോജകമണ്ഡലത്തിലെ മെമ്പറും, റോഡു ബോർഡിലെ ഒരു മെമ്പറുമായ മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ വിസ്തരിച്ചു പറയുമെന്നുള്ള വിശ്വാസത്തിന്മേൽ ഞാൻ ഇത്രമാത്രം പറഞ്ഞുകൊണ്ടു് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

***Mr. T. A. Ramachandra Ayyar:** സർ, മുപ്പിയം വില്ലേജു് എന്നു പറയുന്നതു് എന്റെ നിയോജകമണ്ഡലത്തിൽ കാട്ടുമുക്കിൽ കിടക്കുന്ന ഒരു ഗ്രാമമാണു്. ഈ രാജ്യത്തിലെ യാതൊരു പരിഷ്കാരവും അങ്ങോട്ടു കടക്കുന്നില്ല. അതിനുള്ള കാരണം കനമാലി പുഴയാണു്. ആ പുഴവരെ ഒരു റോഡ് ചെന്നിട്ടുണ്ടു്. റോഡു ബോർഡിലെ ഒരു മെമ്പർ എന്ന നിലക്കും ആ നിയോജകമണ്ഡലത്തിലെ ഒരു മെമ്പർ എന്ന നിലക്കും ഞാൻ അവിടെ പോയി അന്വേഷണം നടത്തിയിട്ടുണ്ടു്. എന്നാൽ റോഡുബോർഡിൽ ഈ പാലം ചേക്കാത്തതിനുള്ള കാരണം പണമില്ലെന്നുള്ളതുകൊണ്ടാണു്. ഈ പാലത്തിനു് ഉദ്ദേശം നാല്പതിനായിരം ഉറുപ്പികയോളം വേണ്ടിവരും. ഇത്ര വലിയ ഒരു തുക ചിലവുചെയ്യാൻ ബോർഡിനു സാധിക്കയില്ല എന്നു് തോന്നിയതുകൊണ്ടാണു് ഈ പാലം ഞങ്ങളുടെ റിപ്പോർട്ടിൽ ചേക്കാതിരുന്നതു്. എന്നാൽ മുപ്പിയം വില്ലേജിൽനിന്നും പുറത്തേക്കു വരുന്നതിനു് വേറെ യാതൊരു വഴിയുമില്ല. വഷ്ക്കാലത്തു് വളരെ അബദ്ധം സംഭവിക്കുന്ന ഒരു പുഴ കൂടിയാണതു്. കഴിഞ്ഞകൊല്ലം വഞ്ചി മുങ്ങി രണ്ടു മൂന്നു പേർ മരിക്കുകയും ചെയ്തിട്ടുണ്ടു്. മല സമീപിച്ചായതുകൊണ്ടു് അവിടത്തെ ഒഴുക്കിനു് വലിയ ശക്തിയുണ്ടു്. എന്നാൽ തല്ക്കാലം ഇതു സാധിച്ചില്ലെങ്കിൽ അവിടെ ഗതാഗതത്തിനു് വേറെ ഒരു മാർഗ്ഗമുണ്ടു്. അതായതു് വലിയ തോടു് എന്നൊരു തോടുണ്ടു്. ആ തോട്ടിൽ ഒരു പാലം കെട്ടുന്നപക്ഷം ഇത്ര വലിയ ചിലവു വരികയില്ല. ആ പാലത്തിൽ കൂടി പോയാൽ മറുത്തു് റോഡിൽ ചെന്നു ചേരാൻ സൌകര്യമുണ്ടു്. ഈ പാലം റോഡു ബോർഡിൽ ചേർത്തിട്ടുണ്ടായിരുന്നു. പക്ഷെ ഇതിലും കൂടുതൽ ആവശ്യമെന്നു വിചാരിച്ചു വേറൊരു പാലത്തിനാണു് ഇതിനു തീർപ്പുയാക്കിയ ഫണ്ടു് എടുത്തു് ഉപയോഗിച്ചതു്. ഈ വലിയതോടു് എന്ന തോട്ടിൽ തല്ക്കാലം ഒരു പാലം നിർമ്മിക്കുകയാണെങ്കിൽ അവരുടെ കഷ്ടാ

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

വസ്തുക്കൾ കൊണ്ടുപോകുന്നതാണ്. അതുകൊണ്ട് ഗവൺമെൻറ് ഒരുവിധം ആലോചിച്ച് വലിയതോട്ടിൽ ഒരു പാലമുണ്ടാക്കികൊടുത്താൽ തല്ക്കാലം ഈ പുഴയിൽ ഒരു പാലം കൂടാതെ കഴിക്കാവുന്നതാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

Mr. K. Ayyappan: ബഹുമാനപ്പെട്ട നെല്ലായി മെമ്പർ അവർകളുടെ കാൺസ്റ്റിറ്റ്വുവെൻസിയിൽ പുതിയതായി റോഡുകളോ പാലങ്ങളോ തീരാൻ ബാക്കികിടപ്പുണ്ടോ?

Mr. T. A. Ramachandra Ayyar: ഇതു് ബാക്കിയാണെല്ലാം.

Mr. V. K. Aravindaksha Menon: Sir, my position has been sufficiently explained by the hon'ble member for Nellayi. He said that the question of constructing the bridge across the Kurumali River connecting Chengalur and Muppliyam roads was considered by the Board and on account of the excessive cost, the item was left out from the Road Board programme. It may not also be possible according to the accepted policy of Government to take up any new work before we work out the programme which we have already taken up for execution. Therefore I do not think it will be possible to construct the bridge across Valiathodu during the next four years.

Mr. T. A. Ramachandra Ayyar: പഞ്ചായത്തു് ഡിപ്പാർട്ടുമെൻറിൽനിന്നു് ഇതു ഉണ്ടാക്കി കൊടുക്കാൻ എന്താണ വിരോധം?

Mr. V. K. Aravindaksha Menon: I shall represent this matter to Government if the member so desires that the work may be carried out by the Panchayat.

Mr. K. S. Panicker: I beg leave of the House to withdraw the motion.

The motion was, by leave, withdrawn.

CUT MOTION NO. 8.

Mr. M. K. Devassy: *To reduce the allotment of Rs. 1,85,000 for 28—Public Works—Communications—Original—by Re. 1.*

(*The construction of a bridge to connect Annamanada with Pulikakadavu*).

Sir, my object in moving this cut motion is to bring to the notice of the Government the necessity for a bridge connecting Annamanada with Pulikakadavu. Although the Adoor constituency deserves the first place among all constituencies when taken in the alphabetical order (*laughter*) I regret to state that it has been one of the most neglected of constituencies. Due to the mischief of the Chalakkudi river, the Adoor constituency has been unfortunately divided into 2 equal halves. And the result is that although we get roads leading to either side of the

LIBRARY ARCHIVES Kerala Legislative Assembly

river, there is no bridge to connect the roads. We, Sir, have to take a complete round, if we have to go to either side of the river, i. e., from one point on one side of the river to reach the other side, we have to take the Chalakkudy route, come round Mala and from there to Annamanada. On one side of the river we have a Panchayat Court and on the other a school. Students are put to much difficulty to reach the school from the south, and the fate with people proceeding from north to the Court on the other side is no better. By the construction of the bridge we get a through, clear, connection to the Kottapuram market which is very important. Under these circumstances, I would like to draw the kind attention of the Government to the matter and request them to construct this bridge as early as possible.

***Mr. P. Govinda Menon:** മിസ്റ്റർ പ്രസിഡണ്ട്, സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. ചാലക്കുടി പുഴയിൽ ഒരു പാലമുള്ളതു് ചാലക്കുടിയിലാണു്. പുളിക്കക്കടവിൽ നിന്നു് അന്നമനടക്കുള്ള റോഡിലേക്കു് കാർ മാർഗ്ഗമോ, മറ്റു വണ്ടികൾ മാർഗ്ഗമോ പോകണമെന്നുണ്ടെങ്കിൽ ചാലക്കുടി പാലം കടന്നു് ഏകദേശം പന്ത്രണ്ടോ പതിനഞ്ചോ നാഴിക ചുറ്റി മടങ്ങിയെത്തേണ്ടതായിട്ടാണിരിക്കുന്നതു്. പാലങ്ങളും റോഡുകളും ഓരോ നിയോജകമണ്ഡലങ്ങളിൽ അനുവദിച്ചിരിക്കുന്ന സമ്പ്രദായം നോക്കുകയാണെന്നുണ്ടെങ്കിൽ എന്റെ സ്നേഹിതൻ മിസ്റ്റർ അയ്യപ്പന്റെ ദോഷയിൽ ചില നിയോജകമണ്ഡലങ്ങൾക്കും കുറെ നിയോജകമണ്ഡലങ്ങളും മറ്റു ചില നിയോജകമണ്ഡലങ്ങൾക്കും പ്രാതിനിധ്യമില്ലാത്ത നിയോജകമണ്ഡലങ്ങളുമാണെന്നു് കാണാവുന്നതാണു്. ചാലക്കുടി പുഴയെപ്പോലെ പ്രാധാന്യമുള്ള ഒരു പുഴ കൊച്ചി രാജ്യത്തില്ല. ആ പുഴയേക്കാൾ തുലോം അപ്രധാനമായ മണലിപ്പുഴയിൽ അടുത്തടുത്തായി മൂന്നു പാലങ്ങൾ ഉണ്ടെന്നുള്ള സംഗതി ഈ സഭ ഒരുപക്ഷെ ധരിച്ചിട്ടുണ്ടായിരിക്കയില്ല. ആദ്യംതന്നെ മണലിയിൽ ഒരു പാലമുണ്ടു്. അവിടെനിന്നും മേപ്പോട്ടുപോയാൽ, തുറന്നതിനുശേഷം ഇതേവരെ ഒരു കാറിനെങ്കിലും കടന്നുപോകാൻ ഔദ്ധേയം ലഭിച്ചിട്ടില്ലാത്ത തുക്കുർപ്പാലം ഉണ്ടു്. ഇതിനു് എം. എൽ. സി. പാലം എന്നാണു് സാധാരണ പറയുക. തുക്കുരിനടുത്തു് പുത്തൂർ എന്ന സ്ഥലത്തു് വേറെ ഒരു പാലമുണ്ടു്. ഇങ്ങിനെ എത്രയും ചെറുതായ ഒരു പുഴയിൽ മൂന്നു പാലങ്ങളുണ്ടു്. വേറെ ഒരു പുഴയായ കറുമാലിപ്പുഴയിൽ ഒരു പാലമുണ്ടു്. മണലിപ്പുഴയും കറുമാലിപ്പുഴയും കൂടി യോജിക്കുന്ന കുറുവന്തുരുത്തുപുഴയിൽ വേറെ ഒരു പാലമുണ്ടു്. അവിടെനിന്നും ഒന്നോ രണ്ടോ നാഴിക അകലെ കാരാഞ്ചിറയിൽ വേറൊരു പാലമുണ്ടു്. ഇങ്ങനെ നോക്കുന്നപക്ഷം ഈ പാലങ്ങളുടെ വിതരണം അതുല്യമായ നിലയിലാണു് നില്ക്കുന്നതെന്നു് കാണാവുന്നതാണു്. ഈ കാര്യത്തിൽ നെല്ലായി നിയോജകമണ്ഡലം സവർണ്ണനിയോജകമണ്ഡലമെന്നോ മറ്റോ പറയാവുന്ന വിധത്തിൽ അത്രയധികം പാലങ്ങളും റോഡുകളും ആ നിയോജകമണ്ഡലത്തിൽ പെട്ടുപോയിട്ടുണ്ടു്. അതിനോടുപമിക്കുന്നപക്ഷം അന്തൂർ നിയോജകമണ്ഡലത്തെ പുലയ നിയോജകമണ്ഡലമെന്നോ, ഇഴവ നിയോജകമണ്ഡലമെന്നോ എന്താണു് പറയേണ്ടതെന്നറിയാതെ ഞാൻ ബുദ്ധിമുട്ടുകയാണു് ചെയ്യുന്നതു്. പാലങ്ങളും റോഡുകളും വിതരണം ചെയ്യുന്നതിനു് സ്റ്റാഫ് സെലക്ഷൻ ബോർഡു പോലെ ഏതെങ്കിലും ഒരു ബോർഡു് ഏർപ്പെടുത്തിയാൽ

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

നിയോജകമണ്ഡലങ്ങൾക്കു ഒരു തുല്യമായ വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് എനിക്കു തോന്നുന്നതു്.

Mr. K. Ayyappan: അതിനു റോഡു ബോർഡുണ്ടല്ലൊ.

Mr. P. Govinda Menon: റോഡുകളും പാലങ്ങളും അനുവദിക്കുന്ന കാര്യത്തിൽ ഇങ്ങനെ ചില കാര്യങ്ങളുകൂടി എടുപ്പെട്ടത്തണമെന്നാണു് ഞാൻ പറയുന്നതു്.

Mr. A. Eachara Menon: താലൂക്കു വാർ ആയാലെന്താണു്?

Mr. P. Govinda Menon: താലൂക്കു വാറായിട്ടല്ല. ഓരോ പ്രദേശങ്ങളുടേയും ആവശ്യങ്ങളെ പരിഗണിച്ചു, റോഡുകളും പാലങ്ങളും വല്ല മുക്കിലും മൂലയിലും കൊടുത്തുകൊണ്ടിരിക്കാതെ ആളുകൾക്കു പ്രയോജനമുള്ളടിക്കിൽ ഉണ്ടാക്കണമെന്നുള്ളതാണു്എനിക്കു ഈ സഭയെ അറിയിക്കാനുള്ളതു്. ഇതു് വളരെ പ്രധാനമായിട്ടുള്ള ഒരു വിഷയമാണെന്നു് ഞാൻ ഗവൺമെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. റോഡുകളുടേയും, പാലങ്ങളുടേയും ആവശ്യം കേവലം ആളുകൾക്കു നടക്കുന്നതിനു മാത്രമാണെങ്കിൽ പബ്ലിക്കു വർക്സ് ഡിപ്പാർട്ടുമെണ്ടിൽനിന്നും ഇതുയധികം പണം മിച്ചവു ചെയ്തു റോഡുകളും പാലങ്ങളും ഉണ്ടാക്കേണ്ട ആവശ്യമില്ല. റോഡുകളുടേയും, പാലങ്ങളുടേയും ആവശ്യം കാറുകൾക്കും മാറുവാഹനങ്ങൾക്കും പോകാൻകൂടി സൌകര്യമുള്ളതായിരിക്കണം. അതുകൊണ്ടാണു് ഒരു പാലത്തെക്കുറിച്ചുള്ള ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ഇതുയും പറഞ്ഞതു്. ഈ വിഷയം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പതിയണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

Mr. K. R. Viswambharan: May I know the approximate cost?

Mr. P. Govinda Menon: I have absolutely no information.

***Mr. V. K. Aravindaksha Menon:** Sir, the bridge proposed to be constructed by this cut motion is across the Chalakkudy river and the cost of work may be somewhere near Rs. 90,000. The hon'ble member for Mulakunnathukavu drew the parallel of the Staff Selection Board to the principle by which apportionment for roads and bridges is made. In the matter of appointments, they are made on a communal basis. In the matter of communications, to adopt the constituency basis, may not after all be the fairest method. In this connection, one has to consider the importance of certain localities, the means of communications to the markets, etc. It was on these considerations that the Road Board approached this problem when they drew up their programme. The places which this bridge will connect are Mala on the one side and Chalakkudy on the other. The Government have already constructed a road between Mala and Chalakkudy. And since that road is in existence, it was thought that it was unnecessary at present to go in for the construction of this costly bridge. Annamanada is after all a small place.

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. K. Devassy: Are the Government aware that the distance is very much from Pulikakadavu to Mala-Chalakkudy road ?

Mr. V. K. Aravindaksha Menon : Pulikakadavu is already connected with the railway. The importance of communications is in the importance of transport of agricultural produce to the markets. On that basis Pulikakadavu is very well served by the road.

Mr. P. Govinda Menon: Which is the market near Trikkur bridge ?

Mr. V. K. Aravindaksha Menon : The Trikkur bridge connects the very important village of Trikkur to Trichur. I think it is very much more important than this bridge across Chalakkudy river. Since this is a costly work, it may not be possible, Sir, to take up the work before the present Road Board programme has been completely worked out. After those works are over, Government will be glad to consider whether any priority should be given to this work.

Mr. P. Govinda Menon: I submit Sir, if the proposals of the Road Board are unfair in some cases, such of the proposals should wait.

Mr. K. M. Ibrahim : It is very unfair that the House should condemn its own Committee.

Mr. M. K. Devassy: I am very sorry to note, Sir, that in spite of my persuasions to bring to the notice of the Government, the poor plight of the Adoor Constituency, the Government gives but a distant promise, 'after all the Road Board programme is completed, the Government will consider the needs of the Adoor Constituency'. I do not know even in that consideration there will be any priority or preference for this Constituency. Anyway I do not want to press the motion to a division, since I wanted only to draw the attention of the Government to this need of my Constituency.

The motion was, by leave, withdrawn.

CUT MOTION NO. 9.

Mr. V. K. Krishnankutty: *To reduce the allotment of Rs. 1,85,000 for 28—Public Works A-2-Communications-Original by Re. 1. (To impress upon the Government the necessity of constructing a road from Kunduvallikadavu to Pallipuram across the back water through Pullu).*

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

The object of my cut motion is to bring home to Government the necessity of constructing a road from Kunduvallikadavu to Pallipuram across the backwater through the island of Pullu. The people of the neighbouring villages find it very difficult to go to Trichur, because for reaching Trichur they have to take circutous route some 10 or 12 miles. But for the intervention of the water, they could have avoided so much trouble.

Moreover the inhabitants of the Pullu island find it very difficult to go out during rainy seasons. For every necessity of life they have to go to either Trichur or Peringottukara. They have absolutely no means to go to these places, but by crossing the backwater. The inhabitants of the locality tried very mildly and in a persuasive method to bring home to Government the necessity on very many occasions and on all those occasions, the authorities have made promises that the matter will be looked into very soon. By this motion, I wish to bring home to Government the very urgent necessity of constructing that road and to relieve the people of Pullu as well as Peringottukara of their trouble. I humbly request the hon'ble member for Anthikad and the hon'ble member for Mukundapuram Ezhuvas to enlighten the House more fully on the subject.

Mr. V. J. Mathai: Mr. President Sir, I rise on this occasion, not because I have any acquaintance with Pullu and Kunduvallikadavu, but because I wish to bring to the notice of the House that those of us who are not specially interested either in the island of Pullu or in Kunduvallikadavu are feeling it a bit boring. I submit the reason for the same. It is because if we are going on agitating about these petty local grievances from one end of the State to the other, I fear very much that big questions that are sought to be discussed would never come up before the House.

Mr. Deputy President: Are you opposing then?

Mr. V. J. Mathai: I will neither support nor oppose. (*Laughter*). But if necessary, I shall support the motion. In supporting the motion (*Loud laughter*) I may submit, Sir, that by discussing these small matters, we are wasting the precious time of the House upon unimportant matters which do not deserve more than the dignity of being the subject-matter of a petition. So I submit Sir, that these matters should await some future occasion and that we should give our present time to the other very important subjects on which discussions ought to be raised.

Mr. Deputy President: If you have anything to say in support of the motion you can do so.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. J. Mathai: On the motion, I have to say that I generally support all these motions (*Loud laughter*). I therefore support the motion. Now I request the good sense of the House to consider the point raised by me.

Mr. K. Ayyappan: സർ, റോഡിന്റെ ആവശ്യകതയെക്കുറിച്ചു പല നിശ്ചയങ്ങളും ഈ നിയമസഭയിൽ കൊണ്ടുവരുകയുണ്ടായി. ചെറിയ കായ്ങ്ങൾ വളരെ ചേരുമ്പോൾ വലിയ കായ്മാകും. ഓരോ ചെറിയ കായ്ങ്ങളും ചെറിയതാണെന്നു വിചാരിച്ചു വാങ്ങിക്കാതിരുന്നാൽ വലിയകായ്ങ്ങളും നടന്നില്ലെന്നുവരും. ഈ മാതിരിവാദംകൊണ്ടു് സഭക്കു മുഷിവുവരുമെന്നു പ്ലാന്റേഴ്സ് മെമ്പർ പറയുന്നു. ആ മുഷിവു് തീർക്കാൻ അദ്ദേഹത്തിന്റെ വിനോദകരമായ പോയിന്റ് ആഫ് ഓർഡർ ഉണ്ടായിരിക്കുമല്ലോ.

Mr. Deputy President: Let us now revert to the discussion on the motion in question.

Mr. C. N. Ittiravi Nambudiripad: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. ഇതിൽ പറയുന്ന റോഡു് പുള്ളു് എന്നു പറയുന്ന സ്ഥലത്തേക്കുള്ളതാണു്. പുള്ളു് എന്നു പറയുന്ന സ്ഥലം ഒരു ദ്വീപാണു്. ജനങ്ങളെ നാടുകടത്തുവാൻ പറ്റിയ ഒരു സ്ഥലമാണു്. ഒരു റോഡു് അവിടെ കൊടുത്താൽ അതു സാധിക്കയില്ലല്ലൊ എന്നു കരുതിയായിരിക്കും ഗവൺമെണ്ടു് അതു് അനുവദിക്കാത്തതെന്നു തോന്നുന്നു. ഞാൻ ഈ കൌൺസിലിൽ ഇതിനെ സംബന്ധിച്ചു ഒരു റസല്യൂഷൻ കൊണ്ടുവന്നതിന്റെ ഫലമായി അവിടെ ഒരു വഞ്ചി അനുവദിച്ചിട്ടുണ്ടു്. അതു് ഇപ്പോഴും നടന്നുവരുന്നുണ്ടു്. ചില സമയങ്ങളിൽ കാറ്റും ഒഴുക്കും മൂലം പലരും ചാകുന്നുമുണ്ടു്. ആളുകൾ ചാകാതിരിക്കാൻ വേണ്ടി, റോഡില്ലെങ്കിലും ഒരു ചിറയെങ്കിലും അവിടെ ഉണ്ടാക്കികൊടുത്താൽ മതി. എന്നാൽ ഈ അപകടംകൂടാതെ കഴിക്കാം.

Mr. K. R. Viswambharan: അന്തിക്കാട്ടു മെമ്പറുടെ കൃഷി അവിടെയുണ്ടോ?

Mr. C. N. Ittiravi Nambudiripad: എനിക്കു അവിടെ കൃഷിയുണ്ടു്. ഞാൻ വഞ്ചിക്കാണു് അവിടെ പോകാറുള്ളതു്. എനിക്കു വഞ്ചിയുണ്ടു്. ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

***Mr. V. K. Aravindaksha Menon:** Sir, This question of constructing a road to Pullu has been before the Government for many years. I see from the old records that the member for Chittur has moved a resolution on this point in 1931. All along I have been saying that Pullu being a small Island of about 500 inhabitants, the expenditure of about Rs. 15,000 on the road would not be commensurate with the benefit that is derived out of it. And as an alternative, the Diwan Peishkar has now introduced a ferry service during the monsoon season and as the member for Anthikad said, it is doing good service. The question of this road was also considered by the last Road Board. While they considered it desirable, they could not include it in their programme for want of funds. I shall go further into this question of having a small foot-path to Pullu Island

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

and see what it costs and if the cost is not excessive, I shall see what can be done.

***Mr. V. K. Krishnankutty**: Sir, I do not wish to make any reply with regard to the objections raised by the great parliamentarian of this House. If such local needs cannot be brought before this House, the hon'ble member should take the trouble to spend the money himself, for satisfying these needs. In that case, I promise the hon'ble member that not one member of this House will then move such cut motions. At any rate we who have such constituencies have to take such small troubles and I request the hon'ble member to suffer it for a short time at least.

Sir, as the hon'ble member for Engineering has promised that at least a foot-path as a beginning will be constructed, I most humbly beg leave of the House to withdraw my motion.

The motion was, by leave, withdrawn.

CUT MOTION NO. 10.

Mr. M. K. Devassy: *To reduce the allotment of Rs. 1,85,000 for 28-Public works—Communications—Original—by Re. 1. (The construction of a road connecting Vainthala with the Kalloor road).*

Sir, the object of my cut motion is to bring home to Government the necessity for the construction of a road connecting Vainthala with the Kalloor road. The road referred to is a very short road connecting Vainthala and Annamanada—I do not think it is more than 1½ miles long. These two places are two of the most populous spots in the Adoor constituency. I had an object in not pressing my last motion when it was then submitted from the Government side that that work costs Rs. 90,000. I then reasonably expected that the Government will not raise any objection for the construction of a road which will not cost even Rs. 900. It is a very important road and I am assured by my hon'ble friend the member for Nellayi that while he was in the Road Board, this was a road actually included in the Road Board programme, and that it was removed from the programme finally by the irresistible importunity of the then member for Kattur Mr. K. M. Kunhi Moideen and that my friend himself will give a true version of the matter although his speech will further contain some remarks about the allegations made against the Road Board Committee by my hon'ble friend Mr. P. Govinda Menon. I therefore request the Government to apply their minds sympathetically to this question.

* Speech not corrected by the hon'ble member

LIBRARY ARCHIVES Kerala Legislative Assembly

*** Mr. T. A. Ramachandra Ayyar:** സർ, ഈ റോഡു വളരെ അത്യാവശ്യമാണെന്നു വിചാരിച്ചു ഞങ്ങൾ റോഡു ബോർഡിൽ പെടുത്തിട്ടുള്ളതാണ്. റോഡു ബോർഡിലേക്കു ഏറേകാൽ ലക്ഷം ഉറുപ്പികയാണ് അനുവദിച്ചു തന്നിട്ടുള്ളതു്. അതിൽനിന്നു് ഒന്നേകാൽ ലക്ഷം രൂപയോളം ഇതിനുമുമ്പു് നിശ്ചയിച്ചിട്ടുള്ള പണികൾക്കുവേണ്ടി ചിലവാക്കണമെന്നു് ഓർഡർ ഉണ്ടു്. ബാക്കി അഞ്ചു ലക്ഷമേയുള്ളു. ഈ ഒന്നേകാൽ ലക്ഷം രൂപാ ഞങ്ങൾക്കു് യാതൊരു റോഡിനുവേണ്ടിയും വിനിയോഗിക്കാൻ സാധിക്കാതെ വന്നു. തൽനിമിത്തം ചില റോഡുകൾ—വളരെ അത്യാവശ്യമായ ചില റോഡുകൾ—ചേക്കാൻ സാധിക്കാതെ വന്നിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മുളകുന്നത്തുകാവു മെമ്പർ പറഞ്ഞതിൽ ഞാൻ വളരെ ആശ്ചര്യപ്പെടുന്നു. കോടതി ജഡ്ജിയെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടി റിക്കാർട്ടുപോലും നോക്കാതെ പ്രസംഗിക്കുന്നമാതിരിയാണു് അദ്ദേഹം പ്രസംഗിച്ചതു്. അദ്ദേഹം റോഡു ബോർഡിന്റെ റിപ്പോർട്ടു വായിക്കാതെയാണു് ഇങ്ങനെ പ്രസംഗിക്കുന്നതു്. ആ റിപ്പോർട്ടു വായിച്ചിരുന്നെങ്കിൽ അദ്ദേഹം ഇങ്ങിനെ പ്രസംഗിക്കുകയില്ലായിരുന്നു. പല മിക്കിലും പോയി വളരെ അന്വേഷിച്ചു് അന്വേഷണം നടത്തി ഉണ്ടാക്കീട്ടുള്ള ഈ റിപ്പോർട്ടിനെ—ഗവമ്മെണ്ടു് വലിയ സർട്ടിഫിക്കറും കൂടി തന്നിട്ടുള്ള ഈ റിപ്പോർട്ടിനെ—ആക്ഷേപിക്കുന്നതു ശരിയല്ല. നെല്ലായി നിയോജക മണ്ഡലത്തിലെ ഇപ്പോൾ ചേർത്തിട്ടുള്ള റോഡുകളെല്ലാം പതിനഞ്ചും, ഇരുപതും കൊല്ലംമുമ്പെ ഹർജികൾ അയച്ചിട്ട പണമില്ലാത്തതുമൂലം അടുത്ത അവസരത്തിൽ എടുക്കാമെന്നു പറഞ്ഞു മാറ്റിനിർത്തിയിട്ടുള്ളവയാണു്. ഇതുപോലെ ഓരോ നിയോജകമണ്ഡലത്തിലും പ്രത്യേകം അന്വേഷണം നടത്തി അത്യാവശ്യമായ റോഡുകളും പാലങ്ങളും ഉൾപ്പെടുത്തീട്ടുണ്ടു്. ഈ തരത്തിൽ അഡൂർ നിയോജകമണ്ഡലത്തിലേയും റോഡുകൾ പെടുത്തീട്ടുണ്ടു്. അതുകൊണ്ടു് ഈ റിപ്പോർട്ടു വായിച്ചു നോക്കാതെ എന്തെങ്കിലും പറയുന്നതു് ശരിയല്ലെന്നാണു് എനിക്കു പറയാനുള്ളതു്. ഈ റോഡു് വളരെ അത്യാവശ്യമായ ഒരു റോഡാണെങ്കിലും ഈ കൊല്ലത്തെ പദ്ധതിയിൽ ചേർത്തിട്ടില്ലാത്തതുകൊണ്ടു് ഇതിന്റെ കാര്യം ഇപ്പോൾ നോക്കാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. പുതിയ റോഡുകളൊന്നും ഇപ്പോൾ എടുക്കാൻ പാടില്ലെന്നു ഗവമ്മെണ്ടു് ഓർഡറുണ്ടു്. അതുകൊണ്ടു് ഗവമ്മെണ്ടു് വേറെ വഴിക്കു ചെയ്തു കൊടുക്കേണ്ടതു് അത്യാവശ്യമാണു്.

Mr. P. Govinda Menon: മിസ്റ്റർ പ്രസിഡണ്ടു് സർ, നിയോജകമണ്ഡലങ്ങളിലേക്കാവശ്യമായ റോഡുകളും പാലങ്ങളും വേണമെന്നുള്ള ഉപക്ഷേപം വരുമ്പോൾ ഞങ്ങൾ പ്രസംഗിക്കുന്നതു്, പ്രസംഗത്തിന്റെ ചാതുര്യവും മാധുര്യവും ഈ സഭയിലുള്ളവരെ മനസ്സിലാക്കുവാനോ പ്രസംഗത്തിനുശേഷം റോഡുകളും പാലങ്ങളുമെല്ലാം മേടിച്ചു പോക്കറ്റിലിട്ടുകൊണ്ടു് നാട്ടിലേക്കു മടങ്ങിപ്പോകാനോ ആണെന്നു് നിങ്ങൾ തെറ്റിദ്ധരിക്കരുതു്. നാടുകളിൽ റോഡുകൾ വിതരണം ചെയ്യുന്ന കാര്യത്തിൽ ഗവമ്മെണ്ടു ശ്രദ്ധിക്കുമെന്ന ഞങ്ങൾക്കു പരിപൂർണ്ണ വിശ്വാസമുണ്ടു്. ഓരോ നിയോജകമണ്ഡലങ്ങളിൽ റോഡുകൾ ഉണ്ടാക്കിക്കൊടുക്കാൻപോകുന്ന അവസരത്തിൽ ആ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളെന്താണെന്നു് ഗവമ്മെണ്ടിനെ ധരിപ്പിക്കുന്നതിനു ഇപ്രകാരം ആവർത്തിതമായ പ്രസംഗങ്ങൾകൊണ്ടു മാത്രമെ സാധിക്കുകയുള്ളു എന്നുള്ള വിശ്വാസംകൊണ്ടാണു് ഞങ്ങൾ ഈ വിഷയത്തെപ്പറ്റി വീണ്ടും പറയുന്നതു്. വൈന്തലയും അന്നമനടയും തമ്മിലുള്ള റോഡിനെക്കുറിച്ചു, ഇതിനു മുമ്പൊരവസരത്തിൽ മിസ്റ്റർ ഹെർബട്ടു് ദിവാൻജിയായിരുന്ന കാലത്തു അന്നു്

* Speech not correeted by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

അഡൂർ മെമ്പറായിരുന്നപ്രഫസർ മിസ്റ്റർ ജോസഫ് പെട്ടയും മറെ ചില നിയോജകമണ്ഡലങ്ങളിലെ ചില അളുകളുംകൂടി ഒരു ഡെപ്യൂട്ടേഷനായി പോയി ഈ റോഡിന്റെ പ്രാധാന്യത്തെപ്പറ്റി അദ്ദേഹത്തെ ധരിപ്പിച്ചതിൽ അതിനെക്കുറിച്ചു് വളരെ അനുഭാവപൂർവ്വം ചിന്തിയ്ക്കാമെന്ന മറുപടിയാണു് നല്കിയിട്ടുള്ളതു്. അതിനുശേഷം ഞാൻ അഡൂർ മെമ്പറായിരുന്ന കാലത്തു് ചോദ്യങ്ങൾ മുഖേനയും റസലൂഷൻ മുഖേനയും ഈ കാര്യം ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടു്. ഇപ്പോൾ അഡൂർ നിയോജകമണ്ഡലത്തിലെ മെമ്പറും എന്റെ അനന്തിരവസ്ഥാനത്തെ അർഹിക്കുന്ന ആളുമായ മിസ്റ്റർ ദേവസ്സിയും ഇതിനെ സംബന്ധിച്ചു ശക്തമായ പക്ഷം കൊണ്ടുവരികയും ചെയ്തിട്ടുണ്ടു്. ഇങ്ങിനെ മൂന്നു തലമുറകൾ ആ നിയോജകമണ്ഡലത്തിൽ നിന്നു് ഇതിന്റെ പ്രാധാന്യത്തെക്കുറിച്ചു ധരിപ്പിക്കാൻ ശ്രമിച്ചതുകൊണ്ടു് ഈ റോഡു് ആ നിയോജകമണ്ഡലത്തിൽ എത്രത്തോളം ആവശ്യമായ ഒന്നാണെന്നു മനസ്സിലാക്കാം.

പൈന്തല വളരെ പ്രാധാന്യമേറിയ ഒരു ടിക്കാണു്. വലിയ വലിയ തോട്ടങ്ങളും മറ്റുമുള്ള ആളുകൾക്കു പെറിയ വയലുകളിലെ കൃഷി വലിയ സാരമില്ലായിരിക്കാം. എന്നാൽ കലപ്പയും കരിക്കോലുമായി നടക്കുന്ന ആളുകൾക്കു് ചെറിയ ആവശ്യങ്ങൾ വളരെ പ്രാധാന്യമേറിയതാണു്. അതുകൊണ്ടു ഞങ്ങൾക്കു് ഈ ചെറിയ ആവശ്യം വളരെ വലുതാണു്. മിക്കവാറും കൂട്ടിമുട്ടാറായി കിടക്കുന്ന റോഡിന്റെ രണ്ടു തലകൾ തമ്മിൽ ഒരു ചെറിയ റോഡു മൂലം കൂട്ടിമുട്ടിക്കണം എന്നാണു് ഞങ്ങൾ ഈ സഭ മുഖാന്തിരം ഗവൺമെൻറിനെ ധരിപ്പിക്കാൻ ശ്രമിക്കുന്നതു്. എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട നെല്ലായി മെമ്പറോടു എനിക്കു യാതൊരു വിധത്തിലുള്ള പരിഭവവുമുണ്ടെന്നു വിചാരിക്കരുതു്. അങ്ങിനെ വല്ലതുമുണ്ടെന്നു ഈ സഭയോ അദ്ദേഹമോ തെറ്റിദ്ധരിച്ചതിൽ എനിക്കു വളരെ സങ്കടമുണ്ടു്. റോഡു് ബോർഡിൽ ഇതും ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടായിരുന്നുവെന്നെനിക്കറിയാം. പക്ഷെ ഇക്കൊല്ലത്തേക്കുള്ള ബഡ്ജറ്റിൽ പണമില്ലാതെ വന്നപ്പോൾ താഴ്ത്തു് വീണുപോയ റോഡു് ഇതായിപ്പോയല്ലോ എന്നാണെനിക്കുള്ള സങ്കടം. ആകെ $6\frac{1}{4}$ ലക്ഷം ഉറുപ്പിക അനുവദിച്ചിട്ടുള്ളതിൽ ഒന്നേകാൽ ലക്ഷം ഉറുപ്പികയാണു് മുൻപണികൾ തീർക്കുവാനായി നീക്കിവെച്ചിട്ടുള്ളതു്. ബാക്കിയുള്ള അഞ്ചു ലക്ഷം ഉറുപ്പികയിൽ പെട്ടത്താതെ മാറ്റിവെയ്ക്കുവാൻ നെല്ലായി നിയോജകമണ്ഡലത്തിൽ ഒരൊറ്റ റോഡുപോലും ഇല്ലാതായല്ലോ എന്നാലോചിച്ചപ്പോൾ ഉണ്ടായ അസൂയയുടെ അപ്രതിഹതമായ പ്രവാഹംകൊണ്ടു് മാത്രം രണ്ടു വാക്കു പറഞ്ഞുപോയതാണു്. ഇതു് അദ്ദേഹത്തോടുള്ള ബഹുമാനം നിമിത്തം ഒരു വചോനമസ്കാരം ചെയ്തതായി മാത്രമേ പരിഗണിക്കേണ്ടതുള്ളൂ എന്നുമാത്രം പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങിക്കൊള്ളുന്നു.

Dr. A. R. Menon : Is it a fact that the Government is not disposed to consider any new road till all the roads under the Road Board Programme have been completed? I ask, is it an absolute decision?

Mr. V. K. Aravindaksha Menon : I do not say it is an absolute decision. If it becomes necessary to reconsider the

LIBRARY ARCHIVES Kerala Legislative Assembly

matter in certain cases, such matters will be placed before the Road Board for reconsideration.

Mr. K. P. Kannan Nayar : The Road Board itself can change.

Mr. V. K. Aravindaksha Menon : So, I shall place these aspects of the question before the new Road Board and their opinion will also be taken.

Dr. A. R. Menon: Is it a fact that this road was included in the original list of recommendations by the Board ?

Mr. V. K. Aravindaksha Menon : Yes. It was included in the list—Appendix IV—among the list of roads considered by the Board as desirable, but subsequently deleted probably on considering the question of finance.

Dr. A. R. Menon : On whose proposal, is it that this road was deleted from the list ?

Mr. V. K. Aravindaksha Menon: The Board themselves.

Mr. C. R. Iyyunni : So it is in the waiting list?

Mr. V. K. Aravindaksha Menon : Yes.

Sir, This is a road connecting Kallur with Vainthala, about a mile long and has to be aligned entirely through paddy fields. The cost of construction will be Rs. 8,000. As I said, Sir, the question was considered and was postponed on account of want of funds. Therefore as matters stand at present, we can take up this work only after the present programme has been worked out.

Dr. A. R. Menon : How many years' programme ?

Mr. V. K. Aravindaksha Menon : 5 years.

Mr. M. K. Devassy : Sir, I am extremely sorry for the reply that has come from the Government, because I thought that when we have been denied of one bridge, which it is said to be costly, I hoped we would be given at least this pittance of a road. It is remarked from the Government that this road should go through paddy fields. I cannot conceive of a road, Sir, which does not pass through a field, or hill or mountain. I therefore submit that my purpose in bringing this motion before the House was to draw the attention of the Government to the matter, a matter affecting thousands of people who have been suffering for several years for want of this particular road. I once again request the Government not to consider this request with scant courtsy. I do not press the motion.

The motion was, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

CUT MOTION NO. 11.

* **Mr. V. K. Krishnankutty :** *To reduce the allotment of Rs. 1,85,000 for 28-Public Works—A-2-Communications by Re. 1. (The necessity of opening a new road from Karanchira Bridge to the north connecting the Trichur Triprayar and Kunduvalli ferry roads).*

Sir, By this cut motion I wish to invite the attention of the Government to the necessity of completing and supplementing some of their own works. The Karanchira Bridge which has cost the Government nearly a lakh of rupees is now lying useless for want of a road to connect Karanchira to the Trichur Triprayar Road and a new road is quite necessary. There is a Panchayat road coming from the 12th mile stone to the south and from Karanchira also there is a road going north. Only about a mile of road has to be completed. That will give a connection from Karanchira Bridge straight up to Trichur Triprayar Road. From there we can go to Chazhur Kovilakam Road, a metalled Panchayat road to the northern parts of the taluk. This road also will help traffic from Triprayar to Karanchira If this work is not completed, half the use of the bridge is a nullity. There is only less than 2 miles of road to be completed. Further there is an island called Thuruthikkad. The people of the island find it very difficult to go either to the south or north. The road will also be a help to them. In view of this I humbly beg to draw the attention of Government to this.

Mr. Puthur Achyuta Menon: സർ, ഗവൺമെൻറിന്റെ കണ്ണ് അടുത്തകാലമായി കാട്ടൂർ നിയോജകമണ്ഡലത്തിൽ ചില കാര്യങ്ങളിൽ പതിച്ചിട്ടുതുടങ്ങിയിട്ടുണ്ട്. ഉദ്ദേശം എഴുപത്തയ്യായിരം ഉറുപ്പിക ചിലവുചെയ്ത് കരാഞ്ചിറയിൽ, കൊച്ചി രാജ്യത്തിനു ഏതു തരത്തിലും അഭിമാനിക്കത്തക്ക നിലയിലുള്ള ഒരു പാലം കെട്ടിത്തീർത്തിട്ടുണ്ട്. എനിക്കു നല്ലവണ്ണമറിയാം കൊച്ചി രാജ്യത്തിലെ പണം കൊച്ചി രാജ്യത്തിലെ ജനങ്ങൾക്ക് ഉപകാരപ്രദമാംവണ്ണം ചിലവുചെയ്യുമെന്നുള്ളതു്. അങ്ങിനെ ആളുകൾക്ക് പോണ്ടതരത്തിൽ ഉപകരിക്കണമെന്നുള്ള ഉദ്ദേശമാണു് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കാനുണ്ടായ കാരണം. പലേ നിയോജകമണ്ഡലത്തിലെ പ്രതിനിധികളും ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതാണ്. തൃശ്ശിവപേരൂർ, അന്തിക്കാടു് ഈ മിക്കുകളിലേക്കും ഈ റോഡ് ആവശ്യമാണ്. ഇത്ര വലിയ ഒരു സംഖ്യ ചിലവുചെയ്തു് ഉണ്ടാക്കിയ പാലത്തിനു തരിയായ മാഹാത്മ്യം കാണണമെങ്കിൽ, ഉദ്ദേശം രണ്ടു മൈൽ നീളത്തിലുള്ള ഈ റോഡ് പൂർത്തീകരിക്കേണ്ടതു് ആത്യാവശ്യമാണ്. ഈ കാര്യത്തിൽ പൊതുമരാമത്തു ഡിപ്പാർട്ട്മെൻറിന്റെ ശ്രദ്ധയെ ക്ഷണിക്കുകമാത്രമാണു് ഞാൻ ചെയ്യുന്നതു്. എന്റെ നിയോജകമണ്ഡലത്തിൽ പല ദുരിതങ്ങളും അനുഭവിക്കുന്നുണ്ടു്. റോഡുകൾ ഇല്ലതന്നെ. അതിൽ ഒരു സ്ഥലമാണ് പടിയൂർ. അതുകൊണ്ടു് ഗവൺമെൻറിന്റെ ശ്രദ്ധ ഈ കാര്യത്തിൽ പതിയേണ്ടതു് അത്യാവശ്യമാണ്. കരാഞ്ചിറ

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

പാലത്തിന്റെ പ്രാധാന്യം ഗവമ്മെൻറു തന്നെ മനസ്സിലാക്കീട്ടുണ്ട്. ഈ റോഡു പൂർത്തീകരിച്ചില്ലെങ്കിൽ ഈ പാലം എന്തുദ്ദേശത്തോടുകൂടിയാണോ ഉണ്ടാക്കീട്ടുള്ളതു് ആ ഉദ്ദേശം നിറവേറുന്നതല്ല. ഇതുയും പറഞ്ഞുകൊണ്ടു് ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

Mr. C. N. Ittiravi Nambudiri: ഈ വഴി കൊടുക്കുവാൻ ആലോചിച്ചിട്ടുണ്ടോ?

Mr. V. K. Aravindaksha Menon: The Karanchira Thanisseri road comes at one end of this bridge and the other end of the bridge is connected by means of a Panchayat road on to the Triprayar Enammakal Road. We are taking action to improve these Panchayat roads and make it fit for vehicular traffic. The proposal made by Mr. V. K. Krishnankutty for the realignment of the road has not been taken up for consideration. I shall cause an estimate to be prepared for the work and see what it will cost before I could make a definite reply.

Mr. V. K. Krishnankutty: How many miles are there to complete the road ?

Mr. V. K. Aravindaksha Menon: I could not tell you.

Mr. V. K. Krishnankutty: As there is a promise to make an estimate and find out the cost — I hope there will be only a cost of about Rs. 2,000—and I hope the matter will be seriously looked into by the Government. I do not propose to press the motion.

The motion was, by leave, withdrawn.

CUT MOTION NO. 12.

Mr. M. K. Devassy: *To reduce the allotment of Rs. 1,85,000 for 28- Public Works—Communications—Original by Re. 1. (The construction of a road connecting Kuzhoor with Kundoor.)*

ഇതിനുമുമ്പു് ഞാൻ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപങ്ങൾമൂലം എനിക്കു കിട്ടിയ അനുഭവം എന്നെ ഇനിയും ഒരു ഉപക്ഷേപം അവതരിപ്പിക്കുന്നതിൽ ഭീരുവാക്കുന്നില്ല. കുണ്ടൂരും കുഴൂരും അഡൂരിന്റെ ബന്ധുക്കളാണു്. പക്ഷെ വിവിധരൂപത്തിലുള്ള ഈ ഊരുകളെ യോജിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗം ഗവമ്മെൻറു് ഉണ്ടാക്കാത്തതു് വളരെ കഷ്ടമാണു്. കുഴൂർ എന്ന പ്രദേശത്തുനിന്നു അന്നമനട അത്താണിയിൽകൂടി കുണ്ണങ്കോട്ട വരെ ഒരു റോഡു പോകുന്നുണ്ടു്. കുഴൂരും കുണ്ടൂരുമായി യാതൊരു ബന്ധവുമില്ല. കുണ്ടൂർ നിന്നു കൊടുങ്ങല്ലൂർക്കു് വഞ്ചിമാർഗ്ഗം പോകുവാൻ ഒരു വഴിയുണ്ടു്. കുണ്ടൂരും കുഴൂരുമായി ബന്ധിച്ചാൽ കൊടുങ്ങല്ലൂർ ചന്ത വഴിയായി കുറുവടം വളരെ അഭിവൃദ്ധി പ്രാപിക്കും. കുണ്ടൂർക്കാരെ അഡൂർ നിയോജകമണ്ഡലത്തിൽ നിന്നും, കുഷ്ഠരോഗികളെ മാറ്റിനിറുത്തുന്നതരത്തിലുള്ള ഈ സമ്പ്രദായം നീക്കി അവരെ ഞങ്ങളുമായി ബന്ധിക്കുന്നതിനു ഒരു വഴിയുണ്ടാക്കുന്നതിനു വേണ്ടി ഗവമ്മെൻറിനോടപേക്ഷിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon: സർ, ഞൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നതിനോടൊപ്പം റോഡുകളും തോടുകളും മറ്റും ഓരോ ദേശത്തിലുള്ളവക്ക് കിട്ടുന്നതിലുള്ള രഹസ്യങ്ങളെ കൂടി എനിക്ക് ഈ സഭയെ ധരിപ്പിക്കണം എന്നുള്ള വിചാരംകൂടിയുണ്ട്. കണ്ണൂർ, കഴൂർ, വൈന്തല, അന്നമനട മുതലായ സ്ഥലങ്ങളെപ്പറ്റി ഞങ്ങൾ വീണ്ടും വീണ്ടും പറയുമ്പോൾ എന്റെ ചില സ്നേഹിതന്മാർ ഞങ്ങൾ ആവശ്യത്തിച്ചാവത്തിച്ചു ബോർ ചെയ്യുകയാണെന്നു തെറ്റിദ്ധരിക്കരുതു്. ഒരു റോഡു നടപ്പിൽ വരുന്നതിനു അഞ്ചു ഒരോസെന്റിക്കുണ്ടു്. ആദ്യംതന്നെ ആ റോഡിന്റെ രണ്ടറ്റത്തെയും പറഞ്ഞു പറയും. കുറെക്കാലം അതു് അപ്രസിദ്ധ നാമങ്ങളായിരിക്കും. ആ സ്റ്റേജ കടന്നുകിട്ടിയാൽ ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം അതു് ആവത്തിതശബ്ദങ്ങളായി കുറെക്കാലംകൂടി നില്ക്കും. അങ്ങിനെ കുറെക്കഴിഞ്ഞാൽ അതു് കുറേശ്ശെ ഗവൺമെൻറിന്റെ ആലോചനാവിഷയമായിത്തീരും. ഈ ഘട്ടത്തിൽ നിന്നു തരണംചെയ്യണമെന്നുണ്ടെങ്കിൽ അപ്രസിദ്ധനാമങ്ങളും ആവത്തിതശബ്ദങ്ങളും ഇവിടെ പറയേണ്ടിവരും. ആലോചനാവിഷയത്തിൽ ഒരു വിധം എത്തിച്ചേർന്നാൽകുറേക്കാലത്തേക്കു ആ റോഡു വേണമോ വേണ്ടയോ എന്നുള്ള കാര്യമായി കഴിയേണ്ടിവരും. വൈന്തല-അന്നമനട റോഡ് തല്ക്കാലം തള്ളപ്പെട്ട കിടക്കുകയാണു്. അതുകൊണ്ടു മീരുവാകാതെ ആവത്തിച്ചു ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നാൽ മാത്രമേ അതു നടക്കുകയുള്ളു. ഇങ്ങിനെ, അഞ്ചാമത്തെ ഘട്ടത്തിലേക്കു് എത്തിച്ചേരുന്നതിനു ഇടയിലുള്ള നാലു ഘട്ടങ്ങൾ എത്രമാത്രം അസൌകര്യപ്രദങ്ങളായാലും ഞങ്ങൾക്കു ആ നാലു ഘട്ടങ്ങളേയും കടന്നുപോകാതെ നിവൃത്തിയില്ല. കഴൂർ-കണ്ടൂർ റോഡ് എത്രയും അത്യാവശ്യമായ ഒന്നാണു്. ഈ റോഡിന്റെ കാര്യം റോഡുബോർഡിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ബോർഡിലെ ചില അംഗങ്ങളെക്കൂട്ടിക്കൊണ്ടുപോയി ഞാൻ കണിച്ചു കൊടുത്തിട്ടുള്ളതാണു്. കണ്ടൂർ എന്നു പറയുന്ന സ്ഥലം കൊച്ചി രാജ്യത്തിലെ മറ്റു ഭാഗങ്ങളുമായി യാതൊരു വിധത്തിലും ബന്ധിക്കാതെ മിക്കവാറും ഒരു ദ്വീപുപോലെ കിടക്കുന്ന ഒരു പ്രദേശമാണു്; ഇതിന്റെമുന്നവശവും വെള്ളമല്ല, വയലാണു്. കണ്ടൂർകാക്കു് കോടതി സംബന്ധമായ കാര്യങ്ങൾ നിവ്വഹിക്കേണ്ടതു് കൊടുങ്ങല്ലൂരാണു്. അങ്ങോട്ടു വഞ്ചിക്കു മാത്രമേ പോകാൻ നിവൃത്തിയുള്ളു. അന്യനാട്ടുകാരായ ആരെങ്കിലും ആ നാട്ടിൽ ചെന്നു പെട്ടാൽ, അടിയന്തിരമായ ഒരു കാര്യം വേറെ ഒരു ദിക്കിൽ നിവ്വഹിക്കാനുണ്ടെങ്കിൽ നിവ്വഹിക്കാൻ സാധ്യമല്ലതന്നെ. ഇങ്ങനെയുള്ള ഒരു പ്രദേശം നമ്മുടെനാട്ടിൽ ഉണ്ടെന്നതന്നെ ജനങ്ങൾധരിച്ചിരിക്കുകയില്ല. ചിലക്കു ചില റോഡിന്റെപണി പൂത്തിയായിട്ടില്ലെന്നു പറയുന്നു. മറ്റുചിലക്കു ചില റോഡു് മെറ്റൽചെയ്തിട്ടില്ലെന്നു പറയുന്നു. ഇവിടെ ഞങ്ങൾപറയുന്നതു് റോഡ് തന്നെയില്ലെന്നാണു്. ഈ റോഡുണ്ടാക്കുന്നതിനു വളരെ സൌകര്യമായ സ്ഥിതിയിൽ മൂന്നാലടി വീതിയിൽ ഒരു വരമ്പു് കഴൂർ നിന്നു കണ്ടുക്കു പോകുന്നുണ്ടു്. അതിനെ കുറെകൂടി വലുതാക്കിയാൽ ചുരുങ്ങിയ ചിലവിൽ ഈ കാര്യം നടത്താവുന്നതാണു്. റോഡ് ബോർഡിനെ ആശ്രയിക്കാതെ പഞ്ചായത്തു ഡിപ്പാർട്ട്മെൻറിൽനിന്നോ ഏതെങ്കിലും ഡിപ്പാർട്ട്മെൻറിൽ നിന്നോ ഏതെങ്കിലും തരത്തിലുള്ള ഒരു റോഡുണ്ടാക്കി കൊടുത്തില്ലെങ്കിൽ അതു വളരെ അപമാനകരമായ ഒരു സ്ഥിതിയാണെന്നു് ഗവൺമെൻറിനെ ധരിപ്പിച്ചുകൊള്ളുന്നു. ഈ റോഡ് ഞങ്ങൾക്കു കിട്ടിയില്ലെങ്കിലും റോഡ്ബോർഡിലെ മെമ്പറന്മാരെ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കണമെന്നു വിചാരിച്ചു റോഡ്ബോർഡിലെ ഒരംഗമായ മിസ്റ്റർ വാസ്സിയെ കൊണ്ടുപോയി കാണിച്ചുകൊടുത്തിട്ടുണ്ടു്. ഈ റോഡും റോഡ്ബോർഡ്കാർ റക്കമൻറ് ചെയ്തിട്ടുണ്ടു്. എങ്കിലും ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അതു് അനാഥസ്ഥിതിയിൽ കിടക്കുകയാണു്. ഈ അനാഥസ്ഥിതിയിൽനിന്നും അതിനെ രക്ഷിക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

* **Mr. V. K. Aravindaksha Menon :** Sir, in listening to this forcible argument for the construction of these roads it is very difficult for me to say that it may not be possible to take up these works as early as it will be desired. But you must understand that I am now placed in a very delicate situation. I am asked to follow certain Road Board programme which had the full consent of this House. And when I am working out that programme and when we have allotted different amounts for different years to work out this programme how is it possible for me or for the Government to introduce a new item of work and make a confusion in the road board programme. That is my chief trouble. That is not because the importance of this road or that bridge has not been felt. I would therefore really request the hon'ble members of this House not to press similar motions and if they press for that kindly permit me to take it that it is on account of the importance of the road that they have pressed it and not because with an idea that I should take up the work before the present Road Board programme is taken up.

Mr. P. Govinda Menon : ഈ റോഡിനു് എന്തു് ചിലവു് വരും?

Mr. V. K. Aravindaksha Menon : Rs. 40,000.

Mr. P. Govinda Menon : റോഡിനു് അലൊട്ടു് ചെയ്തിട്ടുള്ള സംഖ്യയിൽ ടെമ്പററി കിഴിവുകളെ എന്തു ചെയ്യാനാണു് ഗവർമ്മെണ്ടു് തീർച്ചയാക്കിയിട്ടുള്ളതു്?

Mr. V. K. Aravindaksha Menon : Altogether the amount allotted for Road Board is 6½ lakhs. If you consider the cost of all the works, the estimated cost of all the works proposed, it is 7 lakhs and 9 thousand and it was our intention to utilise the tender deductions, if any, for these purposes.

Mr. M. K. Devassy : May I take it, Sir, that until the Road Board programme is over we cannot bring in any resolution?

Mr. V. K. Aravindaksha Menon : But you must tell me what I should do.

Mr. M. K. Devassy : If it means that our requests are absolutely futile till that programme is completed it is wasting time on the matter.

---

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Aravindaksha Menon: The House has already given me an order to do the work according to a certain programme which is extended for 5 years and till that is over and till more money is allotted it is not possible for us to take up new works.

Mr. M. K. Devassy: In view of what has been said I do not wish to press this motion to a division.

The motion was, by leave, withdrawn.

CUT MOTION NO. 13.

Mr. M. K. Devassy: *To reduce the allotment of Rs. 1,85,000 for 28-Public Works—Communication by Re. 1.*

(The need to deepen the canal leading of the Mala landing place.)

Sir, The purport of moving this cut motion is to draw the attention of the Government to the need to deepen the canal leading to the Mala landing place which might come to 3 miles. It has been several times represented to the Government, and the public of Mala have in their address presented to the Diwan expressed their cherished ambition of getting this canal deepened and the one funny thing about it is that while I find in this budget more than Rs. 2,000 allotted to the improvement of the Mala landing place the pity is that no boat can come there. The allotment that you have made must be made more useful by deepening this Canal. Otherwise the other allotment is senseless. I would draw the attention of the Government to this.

Mr. P. Govinda Menon: മിസ്റ്റർ പ്രസിഡണ്ട് സർ, ഞങ്ങൾ പാലങ്ങളുടെ കാര്യം പറഞ്ഞുനോക്കി. റോഡുകളുടെ കാര്യം പറഞ്ഞുനോക്കി. ഇതിനു രണ്ടിനും വാദതടസ്ഥം ഉണ്ടെന്നുപറയുന്നുണ്ട്. ഇനി തോടിന്റെ കാര്യം പറഞ്ഞുനോക്കാം. ഇതിനു വാദതടസ്ഥമുണ്ടാകയില്ലെന്നു വിചാരിക്കുന്നു. മാളയിൽ നിന്നു ഉദ്ദേശം രണ്ടു നാഴിക അകലെവരെ മാത്രമെ ഇപ്പോൾ ബോട്ടുകളും വലിയ തോണികളും മറ്റും വന്നുനില്ക്കുന്നുള്ളൂ. ഈ രണ്ടു നാഴിക ദൂരമുള്ള തോട് കൂടി താഴ്ത്തിയാൽ ബോട്ടുകൾക്കും വലിയ വഞ്ചികൾക്കും മാളയിൽ വന്നു നില്ക്കുത്തക്കവിധത്തിൽ അത്ര വലിയ സൌകര്യമുണ്ടാകും. ഈ കാര്യം നിമിത്തം മാളനിവാസികൾക്കു മാത്രമല്ല, എറണാകുളത്തുകാർ, കൊച്ചിക്കാർ മുതലായ നാഗരികന്മാർക്കും വലിയ ആവശ്യമുണ്ടാകും. മാളയിൽ നിന്നും അനേകായിരം കല്ലുകൾ വഞ്ചിമാർഗ്ഗം എറണാകുളത്തും കൊച്ചിയിലും വരുന്നുണ്ട്. ഈ തോട് താഴ്ത്തുകയാണെങ്കിൽ വെട്ടുകല്ല് ഇപ്പോൾ ഇവിടെ കിട്ടുന്ന വിലയേക്കാൾ വളരെ കുറഞ്ഞ വിലക്കു

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ കിട്ടുന്നതായിരിക്കും. ഇപ്പോൾ വെട്ടുകല്ല് നോട്ടിട്ട വലിയ വഞ്ചികളിൽ കയറ്റാൻ സാധിക്കുന്നില്ല. കുറച്ചു ദൂരെമാത്രമെ വലിയ വഞ്ചികൾക്കു വന്നു നില്ക്കാൻ സാധിക്കുന്നുള്ളൂ. അതുമൂലം ചെറിയ വഞ്ചികളിൽ കല്ലു കയറ്റി വലിയ വഞ്ചികളിൽ എത്തിക്കുകയാണു ചെയ്യുന്നതു്. ഈ തോട്ടു് ഉദ്ദേശം രണ്ടടി താഴ്ത്തിയാൽ മാള ഒരു ഇൻലൻഡ് ഹാർബർപോലെയായിത്തീരുന്നതാണു്. വളരെയധികം സംഖ്യ ചിലവാക്കി അത്ര വലിയ ഉപയോഗമില്ലാത്ത ഷൺമുഖംതോട്ടുപോലെയുള്ള തോടുകൾ ഗവൺമെന്റിൽ നിന്നും ഉണ്ടാക്കിവരുന്നുണ്ടു്. പുതിയ തോടുകളുണ്ടാക്കി ഉള്ളിൽ കിടക്കുന്ന രാജ്യത്തു് ജലമാർഗ്ഗമായുള്ള സൌകര്യങ്ങൾ ഉണ്ടാക്കുന്നതിനുമുമ്പു് ഇപ്പോൾ നിലവിലുള്ള തോടുകൾ നന്നാക്കി കൊടുക്കേണ്ട ചുമതല ഗവൺമെന്റിനില്ലേയെന്നു ഞാൻ ചോദിക്കുന്നു. അതുകൊണ്ടു് മാളത്തോടിന്റെ കാര്യം റോഡിന്റെ കാര്യംപോലെ അത്ര ബുദ്ധിമുട്ടുള്ള ഒരു വിഷയമല്ല. ഈ കാര്യത്തിലേക്കു് ഇപ്പോൾ പണം കൊള്ളിച്ചിട്ടില്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ ഫണ്ടുണ്ടാക്കി ഫ ഫ ര -ൽ തന്നെ ഈ തോടു താഴ്ത്തുന്നതിനു സന്മനസ്സുണ്ടാകണം എന്നു ഞാൻ ഗവൺമെൻറിനോടപേക്ഷിച്ചുകൊള്ളുന്നു.

Mr. A. L. Antony: ഇരിങ്ങാലക്കുടക്കു് തന്നിട്ടുള്ള മാതിരി മാളക്കും തരുന്നതിനു സമ്മതമാണോ? എന്തുകൊണ്ടെന്നാൽ ഗവൺമെൻറു് ഞങ്ങൾക്കു വെറുതെ പണം തന്നിട്ടില്ല. ഗവൺമെൻറിന്റെ ഭാഗത്തിനു് ര പലിശപ്രകാരം മുനിസിപ്പാലിറ്റി കൊടുത്തു കടം വീട്ടണം. ആ മാതിരി മാളക്കു തന്നാൽ മതിയോ എന്നറിഞ്ഞാൽ കൊള്ളാം.

Mr. V. K. Kutty: മാളയിൽ കല്ലു കൂടാതെ വേറെ വല്ലതും കിട്ടുമോ?

Mr. P. Govinda Menon: പിന്നെ എന്തെല്ലാം കിട്ടും. വാണിജ്യ നിയോജകാണ്ഡലത്തിൽ ഒരു സ്ഥാനാർത്ഥിയായി നില്ക്കുവാൻ ഭാഗ്യമുണ്ടായ ബഹുമാനപ്പെട്ട തൊഴിലാളി മെമ്പർ ഇങ്ങിനെ ചോദിച്ചതിൽ വ്യസനിക്കുന്നു.

Mr. V. K. Kutty: ബഹുമാനപ്പെട്ട മെമ്പർ കല്ലിനെപ്പറ്റി മാത്രം പറഞ്ഞതുകൊണ്ടാണു് ഞാൻ ഇങ്ങിനെ ചോദിച്ചതു്.

Mr. K. S. Panicker: സർ, മാള കല്ലു വ്യവസായത്തിനു് വളരെ പ്രാധാന്യമുള്ള ഒരു സ്ഥലമാണു്. ആ വ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അവിടെ ഒരു തോടു താഴ്ത്തേണ്ടതു് അത്യാവശ്യമാണു്. കൊടുങ്ങല്ലൂർ താലൂക്കിൽ കല്ലു വരുന്നതു് മാളയിൽ നിന്നാണു്. മാളയിലെ വലിയ വ്യവസായം കല്ലുവ്യവസായമാണു്. വഞ്ചി അടുത്തു പിടിച്ചു് കല്ലു കേറ്റുവാൻ അവിടെ നിവൃത്തിയില്ല. അതുകൊണ്ടു് ആ തോടു താഴ്ത്തി വഞ്ചി അടുക്കുന്നതിനുള്ള സൌകര്യമുണ്ടാക്കിക്കൊടുക്കണമെന്നു മാത്രമേയുള്ളൂ. അതിനു് ഇത്രമാത്രം ഡിസ്കഷന്റെ ആവശ്യമൊന്നുമില്ല.

Mr. A. V. Moothedan: I rise to a point of order. This sort of questions and answers cannot be allowed.

Mr. Popatlal Goverdhan Lalan: ഈ തോടു താഴ്ത്തുന്നതിനു് ആകെ എന്തു ചിലവു വരുമെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Aravindaksha Menon: I think it will cost about Rs. 1,000 to 1,500.

Dr. A. R. Menon: That is all ! I do not rise to speak on behalf of Adoor because it seems to me that that constituency is suffering from over-representation. I think that that constituency would have been more pleased if the representation is a little less. But I understand that the amount necessary for deepening that canal is only Rs. 1,500. Instead of utilising for landing place it may be used at least for this purpose. There is Rs. 2,000 for improving the landing place. Therefore there is no use of improving that place. Let the boats come down there.

Mr. A. Sivarama Menon: I understand that that amount is allotted to the Panchayat Department. You cannot touch that.

Dr. A. R. Menon: You may settle this after a quarrel behind the scene as to which Department should get it.

* **Mr. Popatlal Goverdhan Lalan:** സർ, ഇതിനു ഏതു ഡിപ്പാർട്ട്മെൻറിൽ നിന്നു പണം കൊടുത്താലും വിരോധമില്ല. പണത്തിനു് ഒരു ഡിപ്പാർട്ട്മെൻറിനേയും പേർഎഴുതിവെച്ചിട്ടില്ല. ഡിപ്പാർട്ട്മെൻറ് തിരിച്ചു് പണം ചിലവാക്കാൻ വെച്ചിട്ടുള്ളതു് വളരെ അത്യാവശ്യമുള്ള പൊതുക്കാര്യം നടപ്പാക്കാൻ ആണു്. ഒരു ഡിപ്പാർട്ട്മെൻറിൽ വെച്ചിരിക്കുന്ന പണം മറെറാരു ഡിപ്പാർട്ട്മെൻറിലേക്കു ചിലവാക്കാൻ പാടില്ല എന്നൊരു വാദം കൊണ്ടുവരുന്നതു തീരെ തൃപ്തികരമല്ല (ചിരി). കല്ലു വെട്ടുന്നതും ഒരു വ്യവസായംതന്നെയാണു്. അങ്ങിനെ കല്ലു കൊണ്ടുവരുന്നതിനു് സൌകര്യം കൊടുക്കാതെ ഇവിടെയുള്ള വ്യവസായത്തെ നശിപ്പിച്ചുകളയുന്നതു ശരിയല്ല. ഹാർബറിലേക്കു കല്ലു ധാരാളം ആവശ്യമുണ്ടു്. ഗവൺമെൻറ് വകയായി പണിയുന്ന കെട്ടിടങ്ങൾക്കും കല്ലു ധാരാളം ആവശ്യമുണ്ടു്. കല്ലു ആദായത്തിനു കിട്ടുമ്പോൾ നമ്മുടെ എഞ്ചിനീയർ ഡിപ്പാർട്ട്മെൻറിൽനിന്നുതന്നെ എടുക്കുന്നതായാൽ അതുവഴി ഗവൺമെൻറിലേക്കു വളരെ ആദായം കിട്ടും. വള്ളം വഴിക്കു മാത്രമേ നമുക്കു് ഇവിടെ കല്ലു കിട്ടുവാൻ മാർഗ്ഗമുള്ളൂ. അല്ലാതെ ലോറി വഴിയായൊ എയറോപ്ലെയിൻ വഴിക്കൊ തീവണ്ടിവഴിക്കൊ കല്ലുകൾ ഇവിടെ വരികയില്ല. വെട്ടുകല്ലുകൾ ആദായത്തിനു വാങ്ങി വഞ്ചിവഴിക്കു് കൊണ്ടുവരുന്നതായാൽ മരാമത്തു പണികൾ നടത്തുന്ന മറെറല്ലാ ജനങ്ങൾക്കും ആദായത്തിനു് കല്ലുകൾ കിട്ടുന്നതാണു്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മാറെറല്ലാവരെ കഷ്ടപ്പെടുത്തി പുതിയ തോടുകൾ വെട്ടിക്കയൊ പഴയ തോടുകൾ നന്നാക്കുകയൊ ചെയ്യേണ്ട ആവശ്യമില്ല. ഈ തോടു നന്നാക്കാതെ തുഞ്ചിവപേരൂരിലെ വഴി മാത്രം നന്നാക്കിയതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. ഈ നിസ്സാരമായ സംഗതിക്കു് റോഡ് ബോർഡിൻെറ സാങ്കേ

* Speech is not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ഷനില്ലെന്നും പണമില്ലെന്നുമുള്ള വാദം കൊണ്ടുവരാതെ ബഹുമാനപ്പെട്ട എഞ്ചിനീയർ മെമ്പർ ഈ കട്ട്മോഷനെ സ്വീകരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഇതിനെ പിന്താങ്ങുന്നു.

Mr. V. K. Kutty: സർ, ഈ ഉപക്ഷേപത്തിൽ പറയുന്ന തോട് കല്ല് കൊണ്ടുവരുന്നതിനു മാത്രമാണെന്നു് ബഹുമാനപ്പെട്ട അഡൂർ മെമ്പറും ബഹുമാനപ്പെട്ട മൂളകുന്നത്തുകാവു മെമ്പറും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ ഈ വിഷയത്തിൽ എനിക്കു് ഒരു അറിവു കിട്ടുവാൻ മാത്രമായിട്ടാണു് ഞാൻ ഒരു സംഗതി ചോദിക്കുവാൻ വിചാരിക്കുന്നതു്. കരുമളകു്, മരവട്ടിക്കരു മുതലായ ഉല്പന്നങ്ങളുംകൂടി ഇവിടെ കൊണ്ടുവരുന്നതിനും ഈ തോട് ഉപകാരപ്രദമാകുമോ, ആ സാധനങ്ങൾ അവിടെ ധാരാളം ഉണ്ടാകുന്നുണ്ടോ, അതു് ഏതു വഴിക്കാണ കൊണ്ടുപോകേണ്ടതു് എന്നുള്ളതു നിശ്ചയമില്ലാത്തവരായ ഞങ്ങൾക്കു കൂടി ഈ തോടിന്റെ പ്രാധാന്യം എത്രയുണ്ടെന്നു മനസ്സിലാക്കുവാനാണു് ചോദിക്കുന്നതു്. ഫ,൪൦൦ ക. ചിലവുചെയ്താൽ ഏതാണ്ടു് ഒരു വലിയ ജനസമൂഹത്തിനു് ഉപകാരപ്രദമായിത്തീരുമെന്നുള്ളപക്ഷം എന്തുകൊണ്ടു് ഈ സംഖ്യ ചിലവുചെയ്യുവാൻകഴിയുകയില്ലെന്നു് ഞാൻ ബഹുമാനപ്പെട്ട എഞ്ചിനീയർ മെമ്പരോടു ചോദിക്കുന്നു. കൊച്ചിയുടെ തെക്കെ മേഗങ്ങളിലെ അത്യാവശ്യങ്ങൾ നിവ്വഹിക്കുന്ന കാര്യത്തിൽ ഇന്നും എഞ്ചിനീയർ ഡിപ്പാർട്ട്മെൻറിന്റെ ശ്രദ്ധ വളരെ കുറവാണെന്നുള്ളതു് ഞങ്ങൾക്കു നല്ലപോലെ അറിയാം. ഇങ്ങിനെ ഒരു ശരിയായ നയം വെച്ചുകൊണ്ടല്ലാത്ത പെരുമാറ്റത്തിൽ എപ്പോഴും ആക്ഷേപിക്കേണ്ടതായിവന്നുപോകുന്നു, കാലം പണ്ടത്തെതല്ല. അതുകൊണ്ടു ഇങ്ങിനെയുള്ള നിസ്സാരങ്ങളായ ആവശ്യങ്ങൾക്കു് പ്രാധാന്യംകൊടുത്തു് ഈ തോട് ഉടനെ തുറക്കണമെന്നാണു ഞാൻ പറയുന്നതു്.

Mr. V. K. Aravindaksha Menon : I think the Members have not really understood the amount of work that we have done in regard to this matter. There was a petition in 1936 which contained 3 requests. One was for widening the 7/8 of the Mala Road very near the landing place. The second was the construction of a landing place and the third was deepening the Canal.

I went to the locality and met the people there. They told me that the first necessity was the construction of a proper landing place. In fact boats can come there and boats do come there and all these stones that are being transported from Mala are transported from the landing place.

Mr. Popatlal Goverdhan Lalan : Is it throughout the year?

Mr. V. K. Aravindaksha Menon: There might be some little trouble during winter season. All the same boats do come. So we set about improving the landing place. The Diwan Peishkar has acquired the land and we have constructed a landing place there. And now for deepening the canal, I agree with the Member that it is necessary, I have got a small provision in my budget for deepening canals and I shall use that next year or this purpose.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. K. Devassy: I am very thankful to the Government, Sir. I do not wish to press the motion.

The motion was, by leave, withdrawn.

CUT MOTION NO. 14.

Mr. C. V. Iyyu: *'To reduce the allotment of Rs. 4,01,625 for Public Works—Communications—by Re. 1.'*

(*Increasing the facilities of water and road communications*).

മിസ്റ്റർ പ്രസിഡണ്ട്, സർ, ബഹുമാനപ്പെട്ട മുളകുന്നത്തുകാവു മെമ്പർ തന്റെ വാക്ചോരണിയാൽ ഈ സഭയെ അദ്ദേഹത്തിന്റെ കയ്യിൽ ഏട്ടത്തു മറിക്കുന്ന സമയത്തു് വളരെ പ്രാവശ്യം ഞാൻ പിന്നോക്കംതിരിഞ്ഞുനോക്കി. മുളകുന്നത്തുകാവു നിയോജകമണ്ഡലത്തിലെ വളരെ മാന്യനായ ഒരാൾ ഇവിടെ ഉണ്ടായിരുന്നു. അയാൾ ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ഇത്രയുമധികം സമയം അദ്ദേഹം അഡ്വർ നിയോജകമണ്ഡലത്തിന്നുവേണ്ടി കളഞ്ഞിരിക്കയില്ലെന്നു് എനിക്കു തോന്നി. ആദ്യത്തെ ഭാര്യയെ ഉപേക്ഷിച്ചുപോയ ആളുകൾക്കു രണ്ടാമതു വിവാഹം കഴിഞ്ഞാൽ ആദ്യത്തെ ഭാര്യയോടുള്ള സ്നേഹസ്മരണ ഉണ്ടാകുന്നതുപോലെയുള്ള ഒരു സംഭവമായിട്ടു മാത്രമേ ഞാൻ ഇതിനെ കരുതുന്നുള്ളൂ (ചിരി). ഏതുവിധമായാലും ഈ സഭയിലെ അംഗങ്ങളും ഗവൺമെൻറു് മെമ്പർമാരും മുളകുന്നത്തുകാവിലെ ആവശ്യം ഇതോടെ അവസാനിച്ചു എന്നു കരുതേണ്ട. ഇനിയും അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിന്റെ ആവശ്യങ്ങളെക്കുറിച്ചു് ഇവിടെ ചിലതെങ്കിലും കൊണ്ടുവരുന്നതായിരിക്കും എന്നു് ഞാൻ വിശ്വസിക്കുന്നു.

ഇനി ഞാൻ എന്റെ വിഷയത്തിലേക്കു പ്രവേശിക്കട്ടെ. ഇനിയും ഉപക്ഷേപങ്ങൾ പലതും ഉണ്ടു്. അതിൽ ചിലതൊക്കെക്കൂട്ടി ഒന്നിച്ചാക്കി ബഹുമാനപ്പെട്ട സഭയുടെ സമയം അധികം കളയാതിരിക്കുവാനാണു് ഞാൻ വിചാരിക്കുന്നതു്. ഈ ഉപക്ഷേപത്തിൽ ഉപയോഗിച്ചിട്ടുള്ള വാചകങ്ങൾ കൊണ്ടു് എനിക്കു് വേണമെങ്കിൽ ഇതിൽ ഒന്നിലധികം ഉപക്ഷേപങ്ങൾ കൂട്ടിച്ചേർക്കുവാൻ കഴിയും. റോഡു ബോർഡിന്റെ പ്രോഗ്രാമിനു് വിപരീതമായിട്ടു് പ്രവൃത്തിക്കണമെന്നോ, റോഡു ബോർഡിന്റെ ഉദ്ദേശങ്ങളിൽനിന്നു് വ്യതിചലിച്ചു് പുതിയ പ്രസ്ഥാനങ്ങളിലേക്കു് പ്രവേശിക്കണമെന്നോ ഞാൻ ഇഞ്ചിനീയറിംഗു് മെമ്പറോടു ആവശ്യപ്പെടുന്നില്ല. അതു് സമയനഷ്ടത്തിനു് കാരണമായേക്കുമെന്നു് എനിക്കു് മുമ്പിലത്തെ അനുഭവം കൊണ്ടു് തെളിയുന്നുണ്ടു്. എന്നാൽ റോഡു ബോർഡിനു് വിപരീതമല്ലാത്ത നിലയിൽ ചില കാര്യങ്ങൾ പ്രസ്താവിക്കാം. പൊതുവെയുള്ള കാര്യങ്ങളെപ്പറ്റി ഞാൻ വിമർശിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തെ പ്രത്യേകം ബാധിക്കുന്ന ചില കാര്യങ്ങൾമാത്രമേ ഞാൻ ചൂണ്ടിക്കാണിക്കുന്നുള്ളൂ. ഇതോടുകൂടിതന്നെ എന്റെ രണ്ടുമൂന്നു ഉപക്ഷേപങ്ങൾ അവസാനിക്കയും ചെയ്യും. തൃശ്ശൂർ-കുന്നംകുളം റോഡും, വടക്കാഞ്ചേരി-കുന്നംകുളം റോഡും തമ്മിൽ സംഘടിപ്പിക്കുന്നതു് ഇപ്പോൾ റോഡു ബോർഡിന്റെ സ്കീമിലുള്ളതും ഫ ഫ ഫ ർ-ൽ ഒരുപക്ഷെ പ്രവർത്തനത്തിൽ വരാവുന്നതുമായിരിക്കും. അങ്ങിനെ വരുമ്പോൾ ആ റോഡിന്റെ ഏതെങ്കിലും ഒരു ഭാഗം ചെമ്മന്തട്ട വില്ലേജിൽ പഴഞ്ഞാനക്ഷേത്രത്തിന്റെ സമീപത്തിൽ കൂടികൊണ്ടു പോകുകയോ വേറെ ഏതെങ്കിലും വിധത്തിൽ ഒരു ചെറിയ കണക്ഷൻ ഉണ്ടാക്കിത്തരുകയോ ചെയ്താൽ കൊള്ളാമെന്നാണു് എന്റെ ഒന്നാമത്തെ അപേക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമതായിട്ട് ഇപ്പോൾ എഞ്ചിനീയർ ഡിപ്പാർട്ട്മെണ്ടിൽനിന്ന് പണി കഴിച്ചിട്ടുള്ളതായ കേച്ചേരി പുഴയുടെ മകളിൽ ഉള്ളതായ ആളൂരിന്റെയും കിഴക്കാളൂരിന്റെയും മദ്ധ്യയുള്ള കാഞ്ഞിങ്ങാട്ട് പാലം വഴി തൃശ്ശൂർ നിന്നും തൃശ്ശൂർ താലൂക്കിൽ ഉള്ള എടക്കുളത്തൂർ വില്ലേജിൽ കൂടി ആളൂർ വില്ലേജിലേക്ക് ഒരു റോഡു പോകുന്നുണ്ട്. ആ റോഡും മറ്റും റോഡും പന്നിശ്ശേരി ദേശത്തു കൂടി കൂട്ടിച്ചേർക്കുന്നപക്ഷം—എകദേശം അര നാഴിക ദൂരമേ ആ റോഡ് ഉണ്ടാകയുള്ളൂ—അങ്ങിനെ ചെയ്യാൽ തൃശ്ശൂരിൽനിന്ന് ഗുരുവായൂക്ക് പോകുന്നതിനും ഇപ്പോഴുള്ളതിലും ഒരു നാഴിക വഴി നീളം കുറഞ്ഞു കിട്ടും. എന്റെ നിയോജകമണ്ഡലത്തെപ്പറ്റി പറയുകയാണെങ്കിൽ ഇങ്ങിനെ ചില വലിയ വ്യാപാര കേന്ദ്രങ്ങളും തമ്മിലുള്ള അകലം കുറക്കാവുന്ന പല റോഡുകളും ഉണ്ട്. ഇതെല്ലാം ചുങ്കങ്ങളൊഴിച്ച് ഗവർമ്മെണ്ടിനു ആദായമുണ്ടാക്കാൻ കഴിയുന്നവയാണെന്നാണ് ഞാൻ പറയുന്നത്. പഴഞ്ഞി വില്ലേജിൽ ഉള്ള പെരുന്തുരുത്തി ദേശത്തുനിന്നും തൃശ്ശൂർ വരെ മോട്ടോർ കാറുകൾക്കു പോകാം. മലബാർ ഡിസ്ട്രിക്ട് ബോർഡിൽനിന്ന് പൊന്നാനി വഴി തൃശ്ശൂരിലേക്കു പോകുന്നതായ റോഡ് പെരുന്തുരുത്തി ദേശത്തിന്റെ അതുത്തിവരെ ഉണ്ട്. ബ്രിട്ടീഷ് അതുത്തിയിൽനിന്നും പെരുന്തുരുത്തി പഴഞ്ഞി റോഡിന്റെ അറ്റം വരെ ഒരു ചെറിയ റോഡുകൊണ്ട് സംയോജിപ്പിച്ചാൽ അതു തൃശ്ശൂരിലേക്കു പഴഞ്ഞിയിൽനിന്നും പോകുന്ന റോഡുമായി കൂട്ടിമുട്ടുന്നതും പൊന്നാനിയിൽനിന്ന് തൃശ്ശൂക്ക് ഏതൊട്ട നാഴിക ദൂരം കുറവുണ്ടാകുന്നതുമാണ്. ഇപ്പോൾ ബസ്സ് സർവ്വീസ് ആവഴിക്കു നടക്കുന്നില്ല. ഇങ്ങിനെ റോഡു കൂട്ടിമുട്ടിക്കുന്നപക്ഷം പൊന്നാനി നിന്നും തൃശ്ശൂക്ക് ബസ്സ് സർവ്വീസ് ആവഴി നടത്താവുന്നതുമാണ്. അവിടെയും ഒരു ആദായകരമായ ചുങ്കം വെക്കാൻ സൌകര്യമുണ്ട്.

വേറെ ഒരു സംഗതി എനിക്ക് ഈ ബഹുമാനപ്പെട്ട സഭയേയും ഗവർമ്മെൻറിനേയും ധരിപ്പിക്കുവാനുണ്ട്. മിനിഞ്ഞാന്നോ ഇന്നലെയോ അയിത്തോച്ചാടനത്തിനു വിപരീതമായി പ്രസംഗിച്ച ആളാണ് ഞാൻ. എങ്കിലും ഒരു സംഗതി ഇവിടെ പറയാം. കടവല്ലൂരിൽ പ്രസിദ്ധപ്പെട്ട ഒരു ശ്രീരാമക്ഷേത്രമുണ്ട്. ആ ക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തും കിഴക്കുവശത്തുമുള്ള മതിലിനു സമീപം കൂടി കുസ്ത്യാനികൾ, മുസ്ലീമിങ്ങൾ, സവർണ്ണർ എന്നിവക്കു മാത്രം പോകാവുന്ന ഒരു റോഡുണ്ട്. അതു ഈ അടുത്തകാലത്തു ദേവസ്വം റോഡാക്കീട്ടുണ്ട്. അവിടെക്കൂടി ഹിന്തുക്കളിൽ ഉള്ള അയിത്തജാതിക്കാക്ക് കടന്നുപോകുവാൻ സാധിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ എന്റെ മുൻഗാമിയായ മിസ്റ്റർ കെ ടി. മാത്യു ഈ സംഗതി ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളതും, ഇതിനെപ്പറ്റി ഉടനെ ആലോചിക്കുന്നതാണെന്ന് ഗവർമ്മെൻറ് മറുപടി നൽകീട്ടുള്ളതുമാണ്. റോഡ് ഇപ്പോഴത്തേതിലും കുറെക്കൂടി വളഞ്ഞുപോയാലും വേണ്ടില്ല, അയിത്തജാതിക്കാക്കുകൂടി കടന്നുപോകുവാൻ സാധിക്കുന്നതരത്തിൽ പടിഞ്ഞാറുഭാഗത്തേക്കു വേറെ ഒരു റോഡുണ്ടാക്കിത്തന്നു അവിടെയുള്ള അവർണ്ണരുടെ ബുദ്ധിമുട്ടിനെ അവസാനിപ്പിക്കണമെന്നപേക്ഷിക്കുന്നു.

കടവല്ലൂരിൽ നിന്നും പഴഞ്ഞിവരെയുള്ള റോഡും റോഡു ബോർഡിൽ പെട്ടിട്ടുണ്ട്. ഫ ഫ ഫ ഭ -ലാണ് അതു നടപ്പിൽവരുത്തുവാൻ വച്ചിട്ടുള്ളതു്. ഒന്നാംനമ്പ്രായി വേറെ ഒരു ഉപക്ഷേപം അയച്ചിട്ടുള്ളതും ഇതോടുകൂടിത്തന്നെ ആലോചനക്കു എടുക്കാവുന്നതാണ്. റോഡു ബോർഡിലെ നിശ്ചയമനുസരിച്ചു് ഫ ഫ ഫ ര -ലും, ഫ ഫ ഫ ഭ -ലും ആയിട്ടു നടപ്പാക്കുവാൻ പോകുന്ന റോഡുകളുടെ കൂട്ടത്തിൽ കുന്നംകുളത്തുനിന്നും ചൊവ്വല്ലൂർ കടവുവരെ ഒരു റോഡ് ഉണ്ടാക്കുവാൻ പോകുന്നുണ്ട്. അവിടെനിന്ന് ബ്രിട്ടീഷ് അതുത്തിയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഏകദേശം കവിഞ്ഞതു് ഒരു ഫർലോങ്ങ് ദൂരമെ ഉണ്ടാകയുള്ള. ആ റോഡ് തുറന്നുകഴിഞ്ഞാൽ അണ്ടത്തോട തോട്ട് മുതൽ തൃശ്ശൂർ വരെ മോ ട്ടാർ വാഹന ങ്ങൾക്കു് സൌകര്യമായി പോകാവുന്നതാണു്. ഇപ്പോൾ ബ്രിട്ടീഷ് ഭരണത്തി മുതൽ അണ്ടത്തോടു് തോടുവരെ ഒരു പുതിയ റോഡുണ്ടു്. ബ്രിട്ടീഷ് അതുത്തിവരെ നമ്മുടെ രാജ്യത്തുകൂടി ഒരു ഫർലോങ്ങ് നീളത്തിലുള്ള റോഡു കൂടി ഉണ്ടാക്കുന്നപക്ഷം ഗതാഗതത്തിനു വളരെ സൌകര്യമായിരിക്കും. ഈ സംഗതിയും റോഡു ബോർഡിന്റെ പര്യാലോചനക്കു വിഷയമാകണമെന്നു പേക്ഷിക്കുന്നു. ഇവിടങ്ങളിലെല്ലാം ചുങ്കം എടുപ്പിടുത്തുവാൻ വളരെ സൌകര്യമുണ്ടെന്നുള്ളതു് ബഹുമാനപ്പെട്ട ദിവാൻപേഷ്ക്കാരവർകൾ അറിഞ്ഞിരിക്കുന്നതു് അദ്ദേഹത്തിനു് സന്തോഷമായിരിക്കും.

ഇതിനുംപുറമെ ഇവിടെ ചില തുരുത്തുകളിൽ താമസിക്കുന്നവക്കു് ഗതാഗതത്തിനു് യാതൊരു മാർഗ്ഗവുമില്ലാതിരിക്കുന്നുവെന്നു് പറഞ്ഞു. അതുപോലെയുള്ള ഒരു തുരുത്തു് മങ്ങാട്ട വില്ലേജിലും ഉണ്ടു്. വെട്ടിക്കടവിൽ ഒരു പാലം കെട്ടുവാനുള്ള ഒരു സ്കീം മുമ്പുണ്ടായിരുന്നു. പക്ഷെ തല്ക്കാലം പണമില്ലാത്തതുകൊണ്ടാണു് അതിന്റെ പണി നടത്താതെ നീട്ടിവെച്ചിരിക്കുന്നതു്. എന്നാൽ ഇപ്പോഴാകട്ടെ നമ്മുടെ ഗവൺമെൻറിനു് പണമുള്ള അവസരമാണു്. ആ സ്ഥലത്തു് വളരെ പണമൊന്നും ചിലവു വേണ്ടിവരികയുമില്ല. ഗവൺമെൻറിനു് സാധിക്കുമെങ്കിൽ അതും കൂടി ചെയ്തന്നാൽ കൊള്ളമെന്നു് അപേക്ഷിക്കുന്നു.

ഇനി ഒടുവിലത്തേതായി എനിക്കു് പറയുവാനുള്ളതു് എന്റെ നമ്പർ നമ്പരായി അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെപറ്റിയാണു്. നമ്പർ ത്തെ ഉപക്ഷേപത്തിനുശേഷം അതു് ഒരുപക്ഷെ ആലോചനക്കു വന്നില്ലെങ്കിലോ എന്നു കരുതിയാണു് അതും ഞാൻ ഇതിനോടുകൂടി കൂട്ടിച്ചേർക്കുവാൻ വിചാരിക്കുന്നതു്. ഈ നമ്പർത്തെ ഉപക്ഷേപത്തിൽ പെട്ടതത്തക്ക സംഗതിയാണു് അതിലുള്ളതു്. കുന്നംകുളത്തുനിന്നു് കുണ്ടോളി കനാലുമായി സംഘടിക്കുന്നതായ ഒരു സ്കീം ഏകദേശം ഏതു കൊല്ലക്കാലമായി അവിടത്തെ ജനങ്ങളും പ്രത്യേകിച്ചു് കുന്നംകുളം നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയും പഴഞ്ഞി മെമ്പറും ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് ഗവൺമെൻറും ഗാഢമായി ആലോചിക്കുകയും സ്കീം തയ്യാറാക്കുകയും ചെയ്തു. പക്ഷെ ഒരു പ്രതിബന്ധമുണ്ടായിരുന്നതു് ബ്രിട്ടീഷുകാരുടെ സമ്മതമില്ലായ്മയാണു്. എന്നാൽ ഇപ്പോൾ അവരുടെ സമ്മതമുണ്ടായിട്ടുണ്ടെന്നുള്ളതു് ഗവൺമെൻറിനും അറിയാവുന്നതാണു്. പക്ഷെ അതിനു വേണ്ടി കൊച്ചി ഗവൺമെൻറിൽനിന്നും പണം ചിലവുചെയ്യണമെന്നു അവർ ആവശ്യപ്പെടുന്നുള്ള. ഇപ്പോൾ ഇരിങ്ങാലക്കുടെ ചെയ്യുന്നമാതിരി കുന്നംകുളത്തും ഒരു മുനിസിപ്പാലിറ്റി തുടങ്ങി ആ മുനിസിപ്പാലിറ്റിയെക്കൊണ്ടു് ജാമ്മ്യം കൊടുപ്പിച്ചു് ആവശ്യമുള്ള സംഖ്യ വായ്പ വാങ്ങുന്നപക്ഷം നാലു ശതമാനം വീതമുള്ള പലിശ തരുന്നതിനും അവിടത്തെ പൌരാവലി തയ്യാറാണു്. മുനിസിപ്പാലിറ്റി ജാമ്മ്യം നില്ക്കുവാനും തയ്യാറാണു്.

Mr. A. Eachara Menon: അവിടെ മുനിസിപ്പാലിറ്റിയുണ്ടോ?

Dr. A. R. Menon: മുനിസിപ്പാലിറ്റി തുടങ്ങിയാൽ ജാമ്മ്യം നില്ക്കുമെന്നാണു് പറഞ്ഞതു്.

Mr. C. V. Iyyu: ഞാൻ ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ള ഇതുയും സംഗതികളും വളരെ അനുഭാവപൂർവ്വം ആലോചിച്ചു് നിവൃത്തിമാർഗ്ഗമുണ്ടാക്കിത്തരണമെന്നപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Ayyappan : സർ, കുന്നംകുളം മെമ്പർ ആവശ്യപ്പെട്ട റോഡുകളും തോടുകളും എല്ലാം അനുവദിക്കുന്ന കാര്യത്തിൽ എനിക്ക് ആക്ഷേപമില്ല. പക്ഷെ, കുന്നംകുളത്തു റോഡുകളുണ്ടാക്കുന്ന കാര്യത്തിൽ എനിക്ക് ഒരു സംശയമില്ലാതില്ല.

Mr. C. V. Iyyu : ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതൊന്നും കുന്നംകുളത്തേക്കുള്ളതല്ല.

Mr. K. Ayyappan : ആ മെമ്പർ പ്രാതിനിധ്യം വഹിക്കുന്ന നിയോജകമണ്ഡലത്തിൽ റോഡുകളുണ്ടാക്കുന്ന കാര്യത്തിൽ എനിക്ക് ഭയമുണ്ട്. അദ്ദേഹം റോഡുകളിൽ എല്ലാവക്കും നടക്കുവാൻ പാടില്ലെന്ന് വാദിക്കുന്ന ഒരു മെമ്പറായതുകൊണ്ടു". . . . . .

Mr. C. V. Iyyu : റോഡിൽകൂടി എല്ലാവരും നടക്കുവാൻ പാടില്ലെന്ന് ഞാൻ വാദിച്ചിട്ടില്ല.

Mr. K. Kochukunhan Kaimal : I am very glad that my friend for Kunnamkulam has traversed almost all the villages in his constituency and he has catalogued a number of roads to be either improved or to be newly constructed. I am sorry I have not got a catalogue of all the roads, required in my constituency. But so far as some of the roads referred to by the hon'ble member is concerned I have to say a few words. Now in the road that is proposed to be constructed in the coming two years, i. e., the road connecting Trichur with Vadakkancheri, the member suggested certain courses. Of course I know all these places personally and I think it is better that we leave the alignments to the Heads of Departments rather than make the suggestions. The suggestions made by the hon'ble member seems to me to be very difficult to be worked out because the road will have to take a circuitous route. As far as I know the alignment proposed will be the most feasible and convenient having regard also to the financial capacity and also the budget estimate required for the work.

Then with regard to another road, i. e., extending from the Kunnamkulam road to the colony canal, that appears to be a very important extension because the Kannoli canal is one through which boats conveying merchandise and other cargoes are being taken from Cochin to Ponnani and some of these merchandise are also to be transported to Kunnamkulam. I know there is absolutely no road beyond one or two miles from Kunnamkulam to connect this colony canal. That has got a great commercial importance and it would be certainly necessary and also profitable having regard to the commercial importance of the place because Kunnamkulam itself is a very important place as far as commerce is concerned. Cocoanut oil and other cocoanut produce are mainly coming from the British parts touching Kunnamkulam. These things can be most conveniently transported to Kunnam-

LIBRARY ARCHIVES Kerala Legislative Assembly

kulam and other places, through this road. That road seems to be a really very important one and I think the Government will consider about the advisability of extending such a road.

Then so far as the road programme is concerned I am glad to say that in several places we cannot complain of any paucity of roads. But what I want to impress upon the House is that there are certain connections which have to be effected between two main roads. One is the connection between Vadakkancheri Kunnamkulam road with the Vadakkancheri Velur road. I know there is a road which comes from the Velur road and which ends there. There is also a road coming from Erumapetty which is on the Vadakkancheri Kunnamkulam road coming to the south and there is absolutely no connection between these two roads. No doubt certain paddy fields have to be touched about half a mile or so and then the construction of a bridge over the river also seems to me to be necessary. I know over the same river two or more bridges have been constructed and the cost of those bridges to my knowledge has not exceeded 7 or 8 thousand rupees. A similar bridge no doubt will have to be constructed in connection with the proposed connection of roads. And no doubt some lands also will have to be acquired. The importance of Erumapetty, according to the principles which the Board has adopted in proposing the laying of roads, certainly comes under one or other of the principles.

The first that I submit is to give a connection between the two distant roads. If this connection was not given, certainly it will be a very circuitous course. Erumapetty being a commercially important place it could get a connection with Trichur more easily. There will be an advantage of 10 miles. Instead of 22 miles the distance will be only 12 miles. Erumapetty is now rising in importance. A lower secondary school is already established and there is also an idea of the school being raised to a High School. Now that it is a well crowded place rising in importance in several ways, this connection ought to be given to Erumapetty with Trichur and other places.

There is another road also. So far as that is concerned I do not know whether the attention of this House has ever been drawn. Of course the hon'ble member for Vadakkancheri during the last session, no doubt, made some effort in this matter and in his attempt, has succeeded to some extent. Certainly he deserves to be congratulated upon such an attempt. But I am sorry that he had not the foresight to complete the programme. At his instance a road from Vadakkancheri to Enkakad where the member is living is constructed. This road certainly cost the department much. The department had an idea to connect this

LIBRARY ARCHIVES Kerala Legislative Assembly

road with Machad village consisting of 4 villages in the most hilly parts where there is absolutely no connection. Many of the Heads of Departments who are present here will bear witness to that and most of them will be personally interested also. Because, in these villages we find extensive paddy fields and many jenmies and landlords living outside Machad. On account of the absence of any connection—either Panchayat or P. W. D. roads—the paddy from these parts have to be transported to Vadakkancheri with very great difficulty, and I know that paddy is being sold at about ¾ or 1 anna less than in Vadakkancheri. There is also a school there. Certainly the Director of Public Instruction must have also visited that school. He cannot go to the school without walking. The pity of it is that the Enkakad road terminates in one village; that road may be extended and connected with the other villages so that we can get an opening to the hilly tracts of Machad, and they get a good road Their agricultural produce can then be sold without a loss to themselves and also to the tenants. So the importance of that road cannot be neglected. I do not know whether this has been brought under the purview of the Road Committee Report. Anyhow if it is not done it does not offend the principle or the programme of work adopted by the Board because it is only an extension of the road which now seems to be left incomplete. So I submit that having regard to the importance of this extension to Machad and looking to the very unsatisfactory condition of the villagers in these places this extension is highly necessary and I hope that Government would certainly bestow their best consideration upon this.

Mr. V. J. Mathai: Mr. President, Sir, I am glad an opportunity is given to those members who wish to point out certain very important means of communication which deserve the Government's consideration. Leaving aside small local parechial questions I may in the first instance draw the attention of the hon'ble member for Public Works to a road which has been cut up the Nelliampathies costing over a lakh of rupees. I would bring its present deplorable condition to the notice of the hon'ble member for Public Works. It is now.....

Mr. K. Ayyappan: On a point of order whether the member can speak on this. There is no cut motion about Nelliampathies.

Mr. V. J. Mathai: May I read the cut motion, Sir. 'Increasing of the facilities of water and road communications.'

Mr. Deputy President: You may go on.

Mr. V. J. Mathai: So, Sir, Mr. Ayyappan is wrong. So then I shall proceed. I want to draw serious attention to

LIBRARY ARCHIVES Kerala Legislative Assembly

the very pitiable condition of the road which leads to the Nelliampathies costing over a lakh of rupees.

Dr. A. R. Menon: What 1 lakh? It costs about 3 lakhs.

Mr. V. J. Mathai: It is a pity that it is left in the condition which it has reached. When we consider the further fact that it is the only avenue of escape from or to the Nelliampathies, that it is the only way by which we could bring down the immense produce from several huge estates where lakhs and lakhs of rupees have been invested on tea, cardamom, coffee and several other very important plantations.

Mr. K. Ayyappan: I want to know which cut motion is before the House.

Mr. Deputy President: We are on No. 20.

Mr. V. J. Mathai: Probably the hon'ble member was sleeping.

Firstly that. Secondly I beg to draw the attention of the hon'ble member for Public Works to another very important road which goes up to Varandarapilly side which benefits a number of planters and finally without adverting to all the proposed roads and communications which do come up foremost in my mind, I will come to the southern part of the Cochin State and come to the Konath Thode which exists in the Kanayannur Constituency. As the hon'ble member for Public Works knows very well, that thodu goes from Chitrapuzha right up to South Parur where it leaves the Cochin territory. First of all unless it is cut up and joined with the backwater on the west it will be useless from the point of view of communication for the people on this side. Secondly there is the danger of floods affecting thousands and ten thousands of acres of paddy lands which extends from Chitrapuzha right up to Parur.

Mr. V. K. Aravindaksha Menon: Which is the thodu referred to?

Mr. V. J. Mathai: The hon'ble member for Public Works Department knows very well Karingachira. The thodu lies north to south. From Chitrapuzha it goes further down and then ultimately the waters of the Konath thodu enter the backwaters. I am referring to that thodu. The hon'ble member for Public Works knows that several representations have been made, and addresses have been presented to the Diwan and the member for Public Works as regards the necessity for improving that thodu. What the people want is that it may be joined with the backwater on the western side either near Udayamperur or further north whichever may suit the finances of the Department. It is important from two points. One for

LIBRARY ARCHIVES Kerala Legislative Assembly

the purpose of communication and secondly for the purpose of irrigation. I commend all these 3 important matters for the consideration of the hon'ble member for Public Works and I am sure that he will be pleased to understand the urgent necessity for opening up the Konath thodu and connecting it with the backwaters.

***Mr. Popatlal Goverdhan Lalan :** മിസ്റ്റർ പ്രസിണ്ടൻറ്, സർ, ഈ കട്ട്മോഷൻ അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പറോട് ഞാൻ ആദ്യമായി നന്ദിപറഞ്ഞുകൊള്ളുന്നു. കട്ട്മോഷൻ ഇതാണ്.

" The increasing of the facilities of water and Road communications".

അതായത് സ്റ്റേററിലുള്ള എല്ലാ റോഡുകളും തോടുകളും സകല കേടുപാടുകളും പരിഹരിക്കുവാനായിട്ട് അപേക്ഷിക്കുവാൻ വേണ്ടി അവതരിപ്പിച്ചിരിക്കുന്ന ഒരു കട്ട്മോഷനാണ് ഇതു്. അദ്ദേഹം ഇതു് അവതരിപ്പിച്ച അവസരത്തിൽ ഈ സ്റ്റേററിന്റെ ഒരു ഭൂമിശാസ്ത്രം ഇവിടെ വിവരിച്ചുകഴിഞ്ഞു. അതുപോലെ മറവുള്ള ബഹുമാനപ്പെട്ട മെമ്പർമാരും പുതിയതും പഴയതുമായ പല റോഡുകളുടേയും തോടുകളുടേയും കാര്യം ഇവിടെ പ്രസ്താവിക്കുകയുമുണ്ടായി. എന്നാൽ വാട്ടർ ഫെസിലിറീസ് സംബന്ധിച്ചു് ഏതാനിക്കും ചിലതു് പറയുവാനുണ്ടു്. ഇപ്പോൾ കൊച്ചിയിൽ നിന്നു തൃശ്ശൂരിലേക്കു ചരക്കുകൾ കൊണ്ടുപോകുന്നതിനും വരുന്നതിനും ഉള്ള കനാലിന്റെ ഇപ്പോഴത്തെ സ്ഥിതി നോക്കിയാൽ തീരെ നിരുപയോഗമായും, കച്ചവടക്കാർക്കു് വലുതായ നഷ്ടത്തിന്നിടവരുത്തുന്നതായുമാണിരിക്കുന്നതു്. കനാലിനെപ്പററി പറയുവാൻ വേണ്ടി സഹ -മതായി ഒരു കട്ട്മോഷൻ മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി ഇവിടെ കൊണ്ടുവരുന്നുണ്ടു്. എങ്കിലും അതു് ഒരുപക്ഷേ അവതരിപ്പിക്കപ്പെടാതെ പോയാലോ എന്നുള്ള വിചാരത്തോടുകൂടിയാണു് ഞാൻ കനാലിനെ സംബന്ധിച്ചു് രണ്ടു വാക്കു് ഈ അവസരത്തിൽ സംസാരിക്കുവാനുദ്ദേശിക്കുന്നതു്. ഇപ്പോൾ ഞാൻ മുമ്പു പറഞ്ഞ കനാലിൽ വേനൽക്കാലത്തു് തീരെ വെള്ളമില്ല. അതുനിമിത്തം വള്ളങ്ങൾക്കു് പോകുന്നതിനു നിവൃത്തിയില്ലാതെ വരുന്നു. വലിയ വള്ളങ്ങൾക്കു കടക്കുവാൻ സാധിക്കാതെവരുന്നതുകൊണ്ടു് ചരക്കുകൾ അവയിൽനിന്നും ചെറുവള്ളങ്ങളിലേക്കു കയററി കൂടുതൽ ചിലവും ചെയ്തു് നഷ്ടപ്പെട്ടാണു് കണ്ടുള്ളാങ്കടവു്, കാരാഞ്ചിറ തുടങ്ങിവിടങ്ങളിലേക്കു കൊണ്ടുപോകുന്നതു്. പിന്നീടു് ആ ചരക്കുകൾ അവിടെനിന്നും ലോറികൾ വഴിയായിട്ടാണു് തൃശ്ശൂർ അങ്ങാടിയിലേക്കും മറവും കൊണ്ടുപോകുന്നതു". ഇങ്ങിനെ കൂടുതൽ ചിലവു വരുന്നതു് കാരണം ചരക്കുകളുടെ വിലയും കൂടുവാനിടവരുന്നു. ചരക്കുകൾക്കു വില കൂടുന്നതുകൊണ്ടു് ആ ചരക്കുകൾ വാങ്ങി ഉപയോഗിക്കുന്നവർക്കും നഷ്ടം നേരിടുന്നുണ്ടു്. അതുകൊണ്ടു് ഈ തോടു് നന്നാക്കുന്നപക്ഷം ഇങ്ങിനെയുള്ള കൂടുതൽ ചിലവുകൾക്കിടവരാതെ ചരക്കുകൾ കൊണ്ടുപോകുവാൻ സാധിക്കുന്നതാണു്. ഈ സംഗതി ബഹുമാനപ്പെട്ട ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പതിയണമെന്നു് ഞാൻ അപേക്ഷിക്കുന്നു. വെള്ളമില്ലാത്തതുകൊണ്ടു് കെട്ടിയിടേണ്ടിവരുന്ന വള്ളങ്ങൾക്കു് ദിവസമൊന്നിനു് കൂലി വകയ്ക്കു് അഞ്ചണ കൊടുക്കേണ്ടതായും വരുന്നുണ്ടു്.

Mr. V. K. Aravindaksha Menon : ഇതു് എവിടത്തെ കായ്മ്മണ്ണു് പറയുന്നതു്?

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

Mr. Popatlal Goverdhan Lalan : തൃശ്ശൂരിൽനിന്നു് കണ്ണോളി കനാലിൽക്കൂടി പോകുന്ന വള്ളങ്ങൾ കാരാഞ്ചിറയിൽ അടുക്കുമ്പോൾ വള്ളക്കാരിൽനിന്നും ഒരണ പിരിക്കുന്നു. ഇതു് ഗവൺമെണ്ടനുമതിയില്ലാതെ ചില പുറമ്പോക്കുസ്ഥലങ്ങളിലെ ഉടമസ്ഥന്മാരായിതീർന്നിട്ടുള്ളവരാണു് പിരിച്ചുവരുന്നതു്. ഇതു് വ്യവസായത്തിനു ചരക്കുകൾ കൊണ്ടുപോകുന്ന കച്ചവടക്കാരിൽനിന്നും അക്രമമായ നിലയിൽ പിരിച്ചെടുക്കുന്ന പിഴയാണെന്നു് എല്ലാ മെമ്പർമാരും മനസ്സിലാക്കേണ്ടതാണു്. ഈ അഴിമതി വളരെക്കാലമായി നടന്നുവരുന്നുണ്ടു്. അതു് ഉടനെ നിറുത്താതിരുന്നാൽ പിന്നെ ഗവൺമെണ്ടിന്റെ സ്ഥാനം ആ പണം പിരിക്കുന്ന കൂട്ടക്കായിത്തീരും. അതു് ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ഇഷ്ടമാണെന്നു തോന്നുന്നുണ്ടെങ്കിൽ ആ ഭാരം അവർക്കുതന്നെ വിട്ടുകൊടുത്തുകൊള്ളുക, അവർ തോറും പിരിച്ചുകൊള്ളട്ടെ. ഈ വഴിക്കുള്ള തോടു് താഴ്ത്തുവാൻ വലിയ പണച്ചിലവൊന്നും വേണ്ടിവരുകയില്ല. ഈ നിസ്സാരമായ ചിലവു് ഗവൺമെണ്ടു ചെയ്യുന്നപക്ഷം അതു് കച്ചവടക്കാർക്കു് വലിയ സഹായമായിത്തീരുമെന്നു മാത്രമല്ല, വ്യവസായവർദ്ധനക്കും കച്ചവടസൌകര്യത്തിനും കാരണമായിത്തീരുകയും ചെയ്യും. വ്യവസായങ്ങൾ വർദ്ധിച്ചാൽ മാത്രമേ ഗവൺമെണ്ടിലേക്കു വരുമ്പടി കിട്ടുകയുള്ളു. ഇപ്പോൾ ചിലവാക്കുന്ന പണം മുഴുവൻ കുറച്ചുകാലത്തിനുള്ളിൽ ഗവൺമെണ്ടിനു പിരിച്ചെടുക്കുവാനും സാധിക്കുന്നതാണു്. തൃശ്ശൂർനിന്നു് പാലക്കാടു വഴിക്കു് പൊള്ളാച്ചി വരെ വലിയ ചിലവുകൂടാതെ ചരക്കുകൾ കൊണ്ടുപോകാവുന്നതാണു്.

ബഹുമാനപ്പെട്ട ദിവാൻജിയവർകൾ, ഈ വിഷയത്തെ സംബന്ധിച്ചു് സംസാരിച്ച അവസരത്തിൽ ഇതിലേക്കു് ഒരു കമ്മിറ്റിയെ നിയമിച്ചു് ഈ തോടു് ഏതുവിധത്തിലെങ്കിലും നന്നാക്കുവാൻ വേണ്ടി അടുത്ത അവസരത്തിൽതന്നെ ചിന്തിക്കാമെന്നു പറഞ്ഞതനുസരിച്ചു് ഞാൻ ഈ സംഗതി ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. അതുകൊണ്ടു് വളരെ വേഗത്തിൽ ഒരു കമ്മിറ്റിയെ നിയമിച്ചു് ആദായം കിട്ടുമെന്നു കാണുന്ന മാർഗ്ഗത്തിൽകൂടി ഈ തോടു് നന്നാക്കിക്കിട്ടണമെന്നപേക്ഷിക്കുന്നു. എന്നാൽ ഇതിൽ ദിവാൻജിയവർകൾക്കു് ഒരു സംശയമുണ്ടു്. ഈ തോടു് നന്നാക്കിയാൽ ചരക്കുകൾ വഞ്ചിവഴിയായി തൃശ്ശൂക്കു് കൊണ്ടുപോകുവാനാം അതുനിമിത്തം റയിൽവേയിൽനിന്നുള്ള ആദായം കുറയുവാനിടവരുമെന്നുമുള്ളതാണു് ആ സംശയം. മീറർഗേജു് ബ്രാഡ്ഗേജാക്കിയതിനുശേഷം ചരക്കുകൾ വഞ്ചിവഴിക്കു് പോകുന്നതായിരുന്നാൽ റയിൽവേക്കു വളരെ നഷ്ടം നേരിട്ടേക്കാമെങ്കിലും ചരക്കുകൾ റയിൽമാർഗ്ഗം കൊണ്ടുപോകുന്നതായാൽ കൂടുതൽ ചിലവും കഷ്ടപ്പാടും കച്ചവടക്കാർക്കുണ്ടാകും. റയിൽവേ റേറിനേക്കാൾ വളരെ കുറഞ്ഞ ചിലവിൽ വഞ്ചിവഴിക്കു് സാമാനങ്ങൾ കൊണ്ടുപോകാം. അതുകൊണ്ടു് റയിൽവേക്കു് നഷ്ടം വരുമെന്നുള്ള വിചാരത്തോടുകൂടി തോടു നന്നാക്കാതിരുന്നാൽ വള്ളക്കാരും കച്ചവടക്കാരും വളരെ കഷ്ടനഷ്ടങ്ങളനുഭവിക്കുവാൻ കാരണമാകും. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട തൊഴിലാളി മെമ്പറും കൂടി എന്നെ സഹായിക്കുമെന്നു വിശ്വസിക്കുന്നു.

അതു കൂടാതെ കണ്ടശ്ശാങ്കടവിൽ നിന്നു് തൃശ്ശിവപേരൂരിലേക്കു് ചരക്കുകൾ കൊണ്ടുവരുന്നതിനുള്ള ആ റോഡു് വളരെ വീതി കുറഞ്ഞാണിരിക്കുന്നതു്. അവിടെ ചരക്കുകൾ കയറ്റിവരുന്ന ലോറികൾക്കു് വഴി മാറികൊടുക്കുന്നതിനുപോലുമുള്ള വീതിയില്ലാതെ വളരെ താമസം നേരിടുന്നുണ്ടു്. ആ താമസംകൊണ്ടു് ചരക്കുകൾ അങ്ങാടിയിൽ എത്തിക്കുന്നതിനുള്ള താമസവും അധികമാവുന്നുണ്ടു്. അതുകൊണ്ടു് ഈ റോഡു് വീതി കൂട്ടിയാൽ ചരക്കുകൾ ഗതാഗതം ചെയ്യുന്നതിനു് വളരെ സൌകര്യമായിരിക്കും. കനാലിന്റെ കാര്യത്തി

LIBRARY ARCHIVES Kerala Legislative Assembly

ന്ന് പ്രത്യേകിച്ച് റോഡുബോർഡിന്റെ അനുവാദമൊന്നും ആവശ്യമില്ലെങ്കിലും ഇതിലേക്ക് ഞാൻ റോഡുബോർഡ് മെമ്പർമാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ബഹുമാനപ്പെട്ട ദിവാൻജിയവർകൾ പറഞ്ഞതുപോലെ ഗവ മ്മെന്റിൽ നിന്നും വളരെ വേഗത്തിൽ ഒരു കമ്മിറ്റിയെ സ്ഥാപിച്ച് ഈ കനാൽ ജനങ്ങൾക്കും, വ്യവസായികൾക്കും, തൊഴിലാളികൾക്കും ഉപകാരപ്രദമാക്കണമെന്നും അപേക്ഷിക്കുന്നു.

Mr. V. P. Kannu Pillai : നന്ദിയോടെയായി ഞാൻ അയച്ചിട്ടുള്ള ഉപക്ഷേപവും ഇതിൽ ഉൾപ്പെടുന്നുവെന്നാണ്. പക്ഷെ ചെല്ലാനത്തേക്കുള്ള റോഡ് അനുവദിച്ചിട്ടുണ്ടെങ്കിൽ ഇതിനെപ്പറ്റിയൊന്നും പറയണ്ടാ എന്നാണ് വിചാരിക്കുന്നത്.

Mr. V. K. Aravindaksha Menon : അനുവദിച്ചിട്ടുണ്ട്.

Mr. V. P. Kannu Pillai : എത്ര കൊല്ലത്തിലാണ് ഈ റോഡ് കൊടുക്കുവാൻ തീർച്ചയാക്കിയിരിക്കുന്നത് എന്നറിഞ്ഞാൽ കൊള്ളാം.

Mr. V. K. Aravindaksha Menon : ഫ ഫ ഫ ർ -ൽ തുടങ്ങും.

Mr. V. P. Kannu Pillai : ഇത് അഞ്ചാറു വില്ലേജുകളിൽ കൂടി കടന്നുപോകുന്ന റോഡാണ്.

Mr. K. S. Panicker : ഇത് കുമ്പളങ്ങി റോഡാണൊ?

Mr. V. K. Aravindaksha Menon : റോഡ്ബോർഡിന്റെ പ്രോഗ്രാം ഈ റോഡ് കുമ്പളങ്ങി വഴി ചെല്ലാനത്തേക്ക് പോകുവാനാണ്.

* **Mr. V. P. Kannu Pillai :** അങ്ങിനെയാണെങ്കിൽ വഴിയുടെ തക്കം തീർന്നതിനു ശേഷം ഈ റോഡ് വരുന്ന കാര്യം സംശയമാണ്. ഒടുവിൽ വഴിയില്ലാതെ ഇതിലേക്കനുവദിച്ചിട്ടുള്ള സംഖ്യ ലാപ്സായി പോവുകയും ചെയ്യും. കുമ്പളങ്ങി വഴിയാണെങ്കിൽ പള്ളുരുത്തിയിൽ ഒരു പാലം പണിയേണ്ടിവരും. അതുകാരണം പണി നടത്താൻ സാധിക്കാതെ നീട്ടിവെക്കേണ്ടതായി വന്നേക്കും. ഇതിൽ വരാൻ പോകുന്ന ഫലം ഞാൻ പറയാം. അവിടെ ഒരു ചിറ കെട്ടേണ്ടിവരും. കേരകൃഷി ചെയ്യുന്നതുപോലെയുള്ള ഒരു സ്ഥലമാണത്. ഇപ്പോൾ അനുവദിച്ചിട്ടുള്ള ന ാ,ാ ാ ാ ഉറുപ്പിക ഫലപ്രദമായ നിലയിൽ ചിലവിടണമെന്നുണ്ടെങ്കിൽ അതു നേരത്തെ ചിലവിട്ട് അടുത്ത കൊല്ലത്തിൽ തന്നെ പണി തുടങ്ങണം. ബ്രിട്ടീഷ് അതുത്തി ഒഴിച്ചു പള്ളുരുത്തി പടിഞ്ഞാറുഭാഗത്തു തെക്കെ മൂലയിൽ നിന്നും ഈ റോഡ് തുടങ്ങിയാൽ കൊള്ളാമെന്നാണ് എന്റെ അഭിപ്രായം. റോഡ് കുമ്പളങ്ങിയിൽ കൂടി തന്നെ പോകണമെന്നുള്ളതു നിർബ്ബന്ധമാണൊ?

Mr. V. K. Aravindaksha Menon: What the Road Board thought was that the road through Kumbalangi was the most feasible one. If we take up the other alignment it would involve a crossing to the British lands for which it may take a very long time and also added to that there is no poromboke land at all along that alignment. The cost of acquisition of lands in that area will also swell the initial cost of constructing the road. It is on consideration of these points that the Road Board thought that it might recommend the alignment through Kumbalangi. The work has not yet started. If the hon'ble member wish I shall place these aspects before the new Road Board.

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

* **Mr. V. P. Kannu Pillai :** ആ വഴിക്കു പുറമ്പോക്കില്ലെന്നുള്ളതു തീർച്ചയാണു്. നികുതിവകുപ്പും ലാൻഡ് അക്വിസിഷനും എല്ലാം കൂടി ഇതിന്റെ നാലിലൊരു ഭാഗമേ ചിലവു വരുകയുമുള്ളു. അതുകൊണ്ടു് ഈ കാര്യം വേണ്ടപോലെ ആലോചിച്ചു് ഈ റോഡു വരുന്ന കൊല്ലത്തിൽ തരണമെന്നാണു പറയുന്നതു്. ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർ അവർകൾ അതു വേണ്ടപോലെ നടത്താമെന്നു പറഞ്ഞാൽ മതി. പള്ളുരുത്തി റോഡിന്റെ കാര്യത്തിൽ ഗവണ്മെൻറും നാട്ടുകാരും മുനിസിപ്പാലിറ്റിയും ചേർന്നു് ആലോചന തുടങ്ങീട്ടു് നാലഞ്ചു കൊല്ലമായി. ഇതു ടെണ്ണിൽ പെട്ടുപോയതുകൊണ്ടു് മുനിസിപ്പാൽ റോഡാണെന്നാണു് ആദ്യം പറഞ്ഞതു്. പിന്നീടു് ബ്രിട്ടീഷിൽ കൂടി കടന്നുപോകുന്നതാണെന്നുള്ള കാരണം പറഞ്ഞു. മുനിസിപ്പാലിറ്റി റോഡായതു കൊണ്ടു് മുനിസിപ്പാലിറ്റിക്കാണു് അതിന്റെ ചുമതല എന്നു പറഞ്ഞിട്ടു് ഒടുവിൽ ഗവണ്മെൻറു് തന്നെ ചെയ്യാമെന്നു സമ്മതിച്ചു. അതിലേക്കു ബഡ്ജറ്റിൽ പണം കൊള്ളിച്ചിട്ടു നാലു കൊല്ലമായി. ഒടുവിൽ ഇതും മട്ടാഞ്ചേരിയിലെ റോഡു പോലെ ആയിത്തീരുമാണെന്നുള്ളപ്പും. ഈ കൊല്ലത്തിൽ അതു തുടങ്ങാത്ത കാരണം അവിടെ ഒരു ലക്ഷത്തിൽ ചിലപ്പോൾ ഉറപ്പിക വിലയുള്ള ഒരു കെട്ടിടമുള്ളതുകൊണ്ടാണു്.

Mr. Ismail Haji Essa Sait : അവിടെ മെയിൻറോഡുണ്ടല്ലൊ. പിന്നെ എവിടെയാണു് ആ കെട്ടിടം?

Mr. V. P. Kannu Pillai : ഇതു ഗവണ്മെൻറിൽ നിന്നു ചെയ്യണോ, മുനിസിപ്പാലിറ്റിയിൽ നിന്നു ചെയ്യണോ എന്നൊരു കാസ്റ്റ്യൻ വന്നതു കൊണ്ടാണു് ഇതു കാലതാമസത്തിന്നിടവന്നതു്.

Mr. Ismail Haji Essa Sait : എങ്ങിനെയെങ്കിലും ഗവണ്മെൻറിൽ നിന്നും ഇതു തുടങ്ങുവാൻ തീരുമാനപ്പെടുത്തീട്ടുണ്ടോ?

Mr. V. K. Aravindaksha Menon : There was a proposal. But I do not think there was any decision on that point. Any how that aspect will be considered.

Mr. V. P. Kannu Pillai : നാലു കൊല്ലം മുമ്പു് പകുതി സംഖ്യ മുനിസിപ്പാലിറ്റിയിൽ നിന്നും തരണമെന്നു പറഞ്ഞു. അതു കിട്ടുകയില്ലെന്നു കണ്ടപ്പോൾ ഗവണ്മെൻറ് തന്നെ ചെയ്യാമെന്നു സമ്മതിച്ചു. എന്നിട്ടും ഇതുവരെ കാര്യം നടന്നിട്ടില്ല.

Mr. A. Eachara Menon : ഇതു് മുനിസിപ്പാലിറ്റിക്കുള്ളിലാണോ?

Mr. V. P. Kannu Pillai : അയ്യഞ്ചു മിന്നിട്ടു കൂടുമ്പോൾ ബസ്സുകൾ സഞ്ചരിക്കുന്ന ഒരു റോഡാണിതു്. ടെണ്ണിലുള്ള ഒരു ട്രങ്കുറോഡാണു്. കുമ്പളങ്ങിയിൽ നിന്നു പള്ളുരുത്തിക്കു കടക്കുവാൻ ഒരു മോട്ടോർബോട്ടിട്ടാൽ കൊള്ളാം.

Mr. K. S. Panicker : അവിടെ മോട്ടോർ സർവ്വീസില്ലെ?

Mr. V. P. Kannu Pillai : സർവ്വീസുണ്ടെങ്കിലും ഒരു മോട്ടോർ ബോട്ടിട്ടില്ലെങ്കിൽ ആളുകൾക്കു ബുദ്ധിമുട്ടുണ്ടാകും. ഇതു മാത്രമേ എനിക്കു തല്ക്കാലം പറയുവാനുള്ളു.

---

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

Mr. B. M. Peter: സർ, ചെല്ലാനം റോഡിനെപ്പറ്റിയാണ് എനിക്കു പ്രധാനമായിട്ടു പറയുവാനുള്ളതു്. ഇതു് ഫസ്റ്റ്-ലും, സെക്കന്റ്-ലും, തേർഡ്-ലും ബഡ്ജറ്റ് സമ്മേളനാവസരങ്ങളിൽ ഗവർമ്മെൻറിന്റെ മുമ്പാകെ കൊണ്ടുവന്നിട്ടും ഗവർമ്മെൻറ് ഗാഢമായി ചിന്തിക്കാം, ആലോചിക്കാം എന്നു മറുപടി പറഞ്ഞിട്ടുള്ളതല്ലാതെ യാതൊന്നും ചെയ്തിട്ടില്ല. ഇപ്പോൾ റോഡ്ബോർഡിൽ കുറെ സംഖ്യ കൊള്ളിച്ചു കാണുന്നതിൽ വളരെ സന്തോഷമുണ്ടു്. ഇനി റോഡു കൊണ്ടുപോകേണ്ട വഴിയെപ്പറ്റി മാത്രമാണു് ആലോചിക്കുവാനുള്ളതു്. തോപ്പുമ്പടിയിൽ നിന്നു വടക്കോട്ടു കൊണ്ടുപോകുകയാണെങ്കിൽ മിസ്റ്റർ കണ്ണപിള്ള പറഞ്ഞതുപോലെ ബ്രിട്ടീഷു അതിർത്തിയിൽ കൂടിയാണു് വരുന്നതു്. എന്നാൽ അതു് രാമേശ്വരം വില്ലേജിൽ കൂടിപോകുകയാണെങ്കിൽ ബ്രിട്ടീഷതിർത്തിയിൽ കടക്കാതെ കഴിക്കാമെന്നാണു് എന്റെ ഉദ്ദേശം.

ഈ റോഡു് ഞാൻ പറഞ്ഞ തരത്തിൽ ചെല്ലാനം വരെ പോയാൽ പള്ളുരുത്തി മുതൽ യാതൊരു പാലവും കൂടാതെ കൊച്ചി രാജ്യത്തിന്റെ അതിർത്തി വരെ ചെന്നെത്തുന്നതാണു്. അങ്ങിനെ റോഡു വരുന്ന പക്ഷം ആലപ്പുഴ മെയിൻ റോഡുമായിട്ടു് ഘടിപ്പിക്കാമെന്നു തിരുവിതാംകൂർ ഗവർമ്മെൻറ് സമ്മതിച്ചിട്ടുള്ളതുമാണു്.

Mr. K. Ayyappan: കുമ്പളങ്ങിയിൽ ഒരു പാലം കൂടാതെ കഴിയുമോ?

Mr. B. M. Peter: പടിഞ്ഞാറുവശത്തുകൂടി പോയാൽ പാലം കൂടാതെ കഴിക്കാം.

Mr. V. P. Kannu Pillai: പിന്നെ ഒരു ദിക്കിലും കൂടി പാലം വേണ്ടിവരുമെന്നാണു് തോന്നുന്നതു്. പൈപ്പിന്റെ തടസ്ഥം ഉണ്ടു്.

Mr. B. M. Peter: പൈപ്പു് കായലിന്റെ വടക്കുവശമാണു്. അതിനു വടക്കുവശത്തു കൂടി കൊണ്ടുപോകുവാനാണു് ഞാൻ ആവശ്യപ്പെട്ടതു്. ഏതു തരത്തിലായാലും ഇതു് ഇനിയും നീട്ടിക്കൊണ്ടുപോകാതെ വരുന്ന കൊല്ലത്തിൽ തന്നെ പണി തുടങ്ങണമെന്നാണു് എന്റെ അപേക്ഷ. റോഡ്ബോർഡുകാരുമായി ഈ വിഷയത്തിൽ ഏതു വഴിയാണു് എടുക്കേണ്ടതെന്നു് ആലോചിച്ചതിനു ശേഷം രണ്ടു് തീർച്ചയാക്കണമെന്നപേക്ഷിക്കുന്നു.

Mr. K. R. Viswambharan: I move for a closure.

Mr. K. S. Panicker: I second it.

Question put and carried.

Mr. C. R. Iyyunni: On a point of information. കാരാഞ്ചിറെ നിന്നു് തൃശ്ശിവപേരൂർ കൊക്കാലെ വരെ വഞ്ചി പോകുന്ന വഴിക്കു് ഒരു കൊല്ലം മുഴുവനും വഞ്ചി കൊണ്ടുപോവുകയാണെങ്കിൽ എന്തു ചിലവു വരും?

***Mr. V. K. Aravindaksha Menon:** Mr. President, Sir, this cut motion has already taken nearly 45 minutes and many many details have been discussed. You would excuse me if I am not able to answer all the points which have been raised by the hon'ble members.

---

*. Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

The hon'ble member for Kunnamkulam said that while we work the programme of the Road Board certain minor deviations should be made in regard to certain roads in the Talappalli Taluk. I can promise the hon'ble member that I shall see what can be done in this matter at the time of fixing the alignment and preparing the estimates for these roads.

Then the hon'ble member for Vadakkancheri stressed on the importance of the Kunnamkulam canal, the canal leading from Kunnamkulam to the Connolly canal. As he knows the Government have prepared very accurate estimates and alignments have been fixed and an estimate costing about Rs. 1,43,000 has been prepared. On looking over whether it will be possible to treat that canal under capital works, whether it will earn its own dividend, the Government have reports that it may not be possible to make the canal a self-supporting one from the point of view of revenue and so Government have now postponed the work.

The hon'ble member for Vadakkancheri again stated that certain roads which are not included in the Road Board programme may be taken up as early as possible. One of these roads is the Vellattanjur-Erumapetty road. This road was also considered by the Road Board, but it was abandoned in favour of the Iyyal road on account of its cost. This road will have to pass over at least about 2 miles of paddy lands involving costly acquisition and as he said it will also involve the construction of a bridge across the Vadakkancheri river. As regards the extension of the Enkakad road this proposition has unfortunately got a set back on account of the postponement of the Vadakkancheri -Machad road, and when that road is taken up the extension of this road will also follow.

The hon'ble member for Planters has said about the Nelliampathi Ghat road. According to all previous reports, I may say that it is one of the best aligned roads and a very decent road constructed at a very heavy cost. But recently during the last monsoon which the planters there have characterised as a very severe monsoon they ever had for several years, several landslips have occurred and I have a report from my Assistant Engineer saying that the road will be restored to traffic by the 26th or 27th of July. Then he was speaking about the Varandrappilli road. In fact I am getting almost once in three months reports on the condition of that road from Mr. Walmesley who is one of the biggest planters in that area. He was complementing me many times on the condition of that road. The hon'ble member for Planters again stressed on the importance of the Karingachira canal, the canal leading from Karingachira

LIBRARY ARCHIVES Kerala Legislative Assembly

bridge, passing through the Trippunittura market and on to the western river.

Mr. V. J. Mathai: Sir, I do not know whether I was properly understood. My complaint was as regards the thodu from Karingachira southwards to Poothotta and that it may be connected with the backwaters.

Mr. V. K. Aravindaksha Menon: It is already connected with the backwaters.

Mr. V. J. Mathai: My request is, it may be connected with the backwaters somewhere near Mulanthuruthi.

Mr. V. K. Aravindaksha Menon: The hon'ble member said that he wanted the canal from Chithrapuzha called Konath thodu to be improved and connected with the backwaters.

Mr. V. J. Mathai: The connection to the backwater is only at the southern end, at Poothotta, where you have got a cheepu. The complaint has always been that it is not connected with the backwaters by cutting across the land somewhere near Undayamperoor or further. That cheepu at Poothotta is not sufficient to let out water.

Mr. V. K. Aravindaksha Menon: It is for the same purpose that I am saying that the canal from Karingachira to the western river on the western side of Trippunittura will perform the same function. It is as a measure of flood prevention that this canal has been proposed. This work could not be undertaken next year for want of funds. It has the administrative sanction of Government but it has not been possible for us to include the work on account of paucity of funds.

The hon'ble member for Commerce stressed on the importance of the water route between Cochin and Trichur. I sometimes think that if that complaint is satisfied I may not have anything more to speak in this House, because the complaints have been so insistent and so frequent. I have also stated before that the only method by which an all year round traffic could be maintained between Cochin and Trichur will be after the diversion of the Chalakkudi river.

Dr. A. R. Menon: Why?

Mr. V. K. Aravindaksha Menon: I have been stating this for the last 14 years and the hon'ble member himself was here for the last 14 years.

Dr. A. R. Menon: Any how let us hear that once again.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Aravindaksha Menon: The reason for that is this canal passes through the kole lands and the kole lands will be under cultivation after Vrischigam and then it will have to be cross-bunded and so through navigation becomes impossible. Without assuring an outside source of supply the lock is also impossible. The water in the canals in the kole lands is used for irrgation purposes also with the result that in two months the water is taken away from the canals for irrigation purposes. Therefore an all year round traffic between Cochin and Trichur will be possible only after we ensure a supply of water from an outside source either from the Thannikudam reservoir or from the Chalakkudi diversion canal. Then the question raised was about the Chellanam alignment. I have promised the hon'ble member for Mattancheri that I shall consider the feasibility of the two proposals.

Mr. Ismail Hajee Essa Sait: What about the collection of rent from the valloms?

Mr. V. K. Aravindaksha Menon: I shall come to that presently.

I shall consider the merits of these two proposals and place them before the Road Board and I shall also consult the hon'ble member Mr. Peter and the hon'ble member for Mattancheri before I come to a final decision in the matter.

I did not exactly catch the point of the hon'ble member for Commerce about the collection of fees from boats, etc.

Mr. Popatlal Goverdhan Lalan: The Government are not collecting. Some private parties are collecting and I wanted to know whether the Government is aware of it.

Mr. V. K. Aravindaksha Menon: The Government are aware of this malpractice, if I may say so, and the Government have taken steps to acquire that land and to keep it clear for the purpose of landing. Hereafter there will be no complaints with regard to that point.

Mr. Popatlal Goverdhan Lalan: Thank you, Sir.

Mr. V. K. Aravindaksha Menon: I suppose I have covered all the points raised by the hon'ble members. I request the hon'ble member for Kunnamkulam not to press the motion.

Mr. C. V. Iyyu: സർ, ബഹുമാനപ്പെട്ട എഞ്ചിനീയർ മെമ്പറുടെ അന്തരാവരത്തോട്ടെ കൂടിയുള്ള മറുപടി കൊണ്ട് എന്റെ ഈ കട്ട്മോഷൻ പിൻവലിക്കുന്നതിന് എനിക്ക സമ്മതമാണെങ്കിലും വാണിജ്യ മെമ്പറുടെ തുല്യി

LIBRARY ARCHIVES Kerala Legislative Assembly

വപേത്രക്കുള്ള പ്രത്യേക മമതയും കുന്നംകുളത്തേക്കു തോട്ട കൊണ്ടുപോകേണ്ട തു സംബന്ധിച്ചു വടംവലിയും നോക്കുമ്പോൾ എനിക്കു വളരെ സങ്കടമാണു തോന്നുന്നതു". വടക്കാഞ്ചേരി മെമ്പർ പഴഞ്ഞാനം റോഡിൽ കൂടി വരുമ്പോൾ അവിടെയുള്ള വൈഷമ്യങ്ങൾ അദ്ദേഹം സന്ദർശിച്ചു ഗ്രഹിച്ചിരിക്കണം അവിടെ ശരിയായ റോഡില്ലെന്നു" അദ്ദേഹം തന്നെയും സമ്മതിക്കുന്നു". പഴഞ്ഞാനം നിന്നും ഏതെങ്കിലും വാഹനത്തിൽ കൂടി ചൂണ്ടൽ വില്ലേജു" കച്ചേരിയിൽ വരേണമെന്നിരുന്നാൽ ഉദ്ദേശം ൧൫ നാഴിക വഴി വളഞ്ഞു കുന്നംകുളം പാറയിലങ്ങാടിയിൽ കൂടി വരണമെന്നിരുന്നാൽ ആ ദേശക്കാരുടെ ഏറ്റവും മിതമായ ആവശ്യം ഗവൺമെൻറിനു ഗ്രഹിക്കാവുന്നതാണു". ഏതായാലും എടകഴിയൂർ കുന്നംകുളം തോടിൻെറ കാര്യം ഒന്നുകൂടി പര്യാലോചനക്കെടുക്കണമെന്നു ഗവൺമെൻറിനോടപേക്ഷിച്ചുകൊണ്ടു" ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

The Motion was, by leave, withdrawn.

The demand was put and carried.

20-Public Works—Cranganur Rs. 17,416.

Mr. V. K. Aravindaksha Menon : Sir, I rise to move for a grant of Rs. 17,416, under 20-Public Works—Cranganur. I request the House may be pleased to grant the allotment.

The demand was put and carried.

The House rose for the day at 5 p. m.

B. V. KRISHNANKUTTY MENON,

Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly